# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## നടുവില് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ./കെ.എൻ.ആർ./സി.13/950/21

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 06/11/2021
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
നടുവില് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : നടുവില് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നടുവില് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. (ഖണ്ഡിക നം. 2-1,2-3 പ്രത്യേകം ശ്രദ്ധിക്കുക). ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ./കെ.എൻ.ആർ./സി.13/950/21 തീയ്യതി: 06/11/2021

## കണ്ണൂർ ജില്ലയിലെ നടുവില് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ നടുവില് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 20-01-2020 മുതൽ 31-03-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. സാബു പി.എസ് | ഡെപ്യൂട്ടി ഡയറക്ടർ | 12-08-2021 | 26-08-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 05-08-2021 | 26-08-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. സുരേഷ് ബാബു കെ.വി., ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീമതി റീനപിട്ടൻ, അസി. ഓഡിറ്റ് ഓഫീസർ,
ശ്രീമതി സബിത കെ., ഓഡിറ്റർ
ശ്രീമതി ധന്യ എം.വി., ഓഡിറ്റർ,
ശ്രീമതി അനുഅബ്രഹാം, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ബിന്ദു ബാലൻ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ.ഷിഹാബ്.എം | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2019 | 24-04-2019 |
| ശ്രീ.കെ.ദിനേശൻ | സെക്രട്ടറി | 25-04-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ഡിക്സൺ ദേവസി | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീ.റിനീഷ് കുമാർ.എ | വി.ഇ.ഒ,നടുവിൽ | 01-04-2019 | 21-10-2019 |
| ശ്രീ.അജീഷ്.എം.പി | വി.ഇ.ഒ,നടുവിൽ | 22-10-2019 | 27-10-2019 |
| ശ്രീ.രാജീവ്.സി.കെ | വി.ഇ.ഒ,നടുവിൽ | 28-10-2019 | 31-03-2020 |
| ശ്രീ.അജീഷ്.എം.പി | വി.ഇ.ഒ,വെള്ളാട് | 01-04-2019 | 31-03-2020 |
| ശ്രീമതി.രോഷ്നി ഊരാളക്കണ്ടി | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ഡോ:മോഹനൻ.കെ.സി | മെഡിക്കൽ ഓഫീസർ,പി.എച്ച്.സി | 01-04-2019 | 31-03-2020 |
| ഡോ:ലീന.എം.വി | മെഡിക്കൽ ഓഫീസർ,ആയുർവേദം | 01-04-2019 | 31-03-2020 |
| ശ്രീമതി.മേരി.കെ.വി | ഹെഡ്മാസ്റ്റർ | 01-04-2019 | 31-03-2020 |
| ശ്രീമതി.ദീപ ജോസ് | ഡയറി എക്സറ്റൻഷൻ ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീ.ഷിഹാബ്.എം | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 25-07-2019 |
| ശ്രീ.നിസാർ.കെ.പി | അസിസ്റ്റന്റ് സെക്രട്ടറി | 26-07-2019 | 24-12-2019 |
| ശ്രീ.സജി സെബാസ്റ്റ്യൻ.കെ | അസിസ്റ്റന്റ് സെക്രട്ടറി-ഇൻ-ചാർജ് | 25-12-2019 | 17-02-2020 |
| ശ്രീ.ചിത്രൻ.കെ | അസിസ്റ്റന്റ് സെക്രട്ടറി | 18-02-2020 | 31-03-2020 |
| ശ്രീ.ജിതിൻബോസ് | അസിസ്റ്റന്റ് എൻജിനീയർ | 01-04-2019 | 29-11-2019 |
| ശ്രീ.അനിൽകുമാർ.പി.പി | അസിസ്റ്റന്റ് എൻജിനീയർ | 30-11-2019 | 31-03-2020 |
| ഡോ.മനു ശങ്കർ | വെറ്റിനറി സർജൻ | 01-04-2019 | 31-03-2020 |

## ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Suresh Babu KV (Audit Officer, On 28-08-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 06-11-2021) | 1-1 |
| 2 | ബജറ്റ് ഡോക്യുമെന്റുകൾ തയ്യാറാക്കി സൂക്ഷിക്കുന്നില്ല.<br>Written By: Suresh Babu KV (Audit Officer, On 28-08-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 02-11-2021) | 1-1-1 |
| 3 | അധികവിഭവസമാഹരണത്തിനുള്ള സർക്കാർ നിർദ്ദേശങ്ങൾ തനത് വരുമാനവർദ്ധനവിന് ഉതകുന്ന രീതിയിൽ ഗ്രാമപഞ്ചായത്ത് ബജറ്റ് നിർദ്ദേശങ്ങളിൽ ഉൾപ്പെടുത്തുന്നില്ല.<br>Written By: Suresh Babu KV (Audit Officer, On 28-08-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 06-11-2021) | 1-1-2 |
| 4 | വരുമാനവർദ്ധനവിന് ഉതകുന്ന നിർദ്ദേശങ്ങൾ ബജറ്റിൽ ഉൾപ്പെടുത്തുന്നില്ല.<br>Written By: Suresh Babu KV (Audit Officer, On 28-08-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 06-11-2021) | 1-1-3 |
| 5 | വാർഷികധനകാര്യപത്രിക<br>Written By: Reena Pittan (Asst. Audit Officer, On 27-08-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 06-11-2021) | 1-2 |
| 6 | സാമ്പത്തിക വിശകലനം (റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം)<br>Written By: Suresh Babu KV (Audit Officer, On 28-08-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 02-11-2021) | 1-3 |
| 7 | ഫണ്ട് വിനിയോഗം<br>Written By: Reena Pittan (Asst. Audit Officer, On 27-08-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 06-11-2021) | 1-4 |
| 8 | പദ്ധതി അവലോകനം<br>Written By: Suresh Babu KV (Audit Officer, On 28-08-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 02-11-2021) | 1-5 |
| 9 | നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പദ്ധതികളുടെ വിവരങ്ങൾ<br>Written By: Suresh Babu KV (Audit Officer, On 28-08-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 02-11-2021) | 1-5-1 |
| 10 | വിനിയോഗത്തിലെ കുറവ്-ഗ്രാമപഞ്ചായത്തിന് 1.83കോടി രൂപയുടെ നഷ്ടം.<br>Written By: Suresh Babu KV (Audit Officer, On 28-08-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 06-11-2021) | 1-5-2 |
| 11 | മോണിറ്ററിംഗ് ഫലപ്രദമായി നടക്കുന്നില്ല<br>Written By: Suresh Babu KV (Audit Officer, On 28-08-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 02-11-2021) | 1-5-3 |
| 12 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതി<br>Written By: Suresh Babu KV (Audit Officer, On 28-08-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 02-11-2021) | 1-6 |
| 13 | ക്ഷേമ പദ്ധതികൾ<br>Written By: Sabitha.K (Auditor, On 26-08-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 02-11-2021) | 1-7 |
| 14 | ക്യാഷ് പരിശോധന<br>Written By: Suresh Babu KV (Audit Officer, On 28-08-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 31-08-2021) | 1-8 |
| 15 | ആഭ്യന്തരനിയന്ത്രണം<br>Written By: Suresh Babu KV (Audit Officer, On 28-08-2021) | 1-9 |

| | | |
|---|---|---|
| | Last Updated By: Pramodan Anchantavida (Computer Assistant, On 02-11-2021) | |
| 16 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Suresh Babu KV (Audit Officer, On 28-08-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 06-11-2021) | 1-10 |
| 17 | മൊബൈൽ ടവറുകൾക്ക് മാനദണ്ഡം പാലിക്കാതെ വസ്തുനികുതി നിർണ്ണയം നടത്തി-ഗ്രാമപഞ്ചായത്തിന് 1187760/- രൂപയുടെ നഷ്ടം.<br>Written By: Sabitha.K (Auditor, On 27-08-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 06-11-2021) | 1-11 |
| 18 | തൊഴിൽ നികുതി ചുമത്തുന്നതിലെ അപാകങ്ങൾ<br>Written By: Sabitha.K (Auditor, On 26-08-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 06-11-2021) | 1-12 |
| 19 | കെട്ടിടനിർമ്മാണപെർമിറ്റ് അപാകങ്ങൾ<br>Written By: Anu Abraham (Auditor, On 27-08-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 06-11-2021) | 1-13 |
| 20 | ഇ ടെണ്ടർ- ടെണ്ടർ ഫീ ക്ലെയിം ചെയ്യുന്നതിന് നടപടികളില്ല.ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ട വരുമാനം ജില്ലാ പഞ്ചായത്ത് എക്സിക്യുട്ടീവ് എൻജിനീയറുടെ അക്കൗണ്ടിൽ കിടക്കുന്നു.<br>Written By: Suresh Babu KV (Audit Officer, On 28-08-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 02-11-2021) | 1-14 |
| 21 | പാലക്കയം തട്ട് ടൂറിസം പ്രദേശത്തെ സ്ഥാപനങ്ങൾ പി പി ആർ ആക്ട് പ്രകാരമുള്ള ലൈസൻസ് എടുത്തിട്ടില്ല.<br>Written By: Anu Abraham (Auditor, On 28-08-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 02-11-2021) | 1-15 |
| 22 | ഉറവിട മാലിന്യസംസ്കരണം ഉറപ്പാക്കി ലൈസൻസ് നൽകേണ്ടതാണ്.<br>Written By: Anu Abraham (Auditor, On 27-08-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 02-11-2021) | 1-16 |
| 23 | പുലിക്കുരുമ്പ അമ്പലപ്പറമ്പ്-പുല്ലുവനം റോഡ് പാർശ്വഭിത്തി നിർമ്മാണ പ്രവൃത്തി-മൊബിലൈസേഷൻ അഡ്വാൻസ് തിരിച്ചടച്ചപ്പോൾ പലിശ ഈടാക്കിയില്ല. 18835 രൂപ ഉത്തരവാദിയായവരിൽ നിന്നും ഈടാക്കേണ്ടതാണ്.<br>Written By: Suresh Babu KV (Audit Officer, On 28-08-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 06-11-2021) | 1-17 |
| 24 | വിവിധ ഓഫീസുകളിലേക്ക് ഫർണിച്ചർ വാങ്ങൽ- വിതരണ രേഖകൾ ഹാജരാക്കിയില്ല ചെലവ് തുക 1,62,612 രൂപ തടസ്സപ്പെടുത്തുന്നു<br>Written By: Reena Pittan (Asst. Audit Officer, On 27-08-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 06-11-2021) | 1-18 |
| 25 | കേരള സോഷ്യൽ സെക്യൂരിറ്റി മിഷന് തുക നൽകൽ- രേഖകൾ ഹാജരാക്കിയിട്ടില്ല<br>Written By: Reena Pittan (Asst. Audit Officer, On 27-08-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 02-11-2021) | 1-19 |
| 26 | ഐ കെ എം വിഹിതം നൽകൽ - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്<br>Written By: Reena Pittan (Asst. Audit Officer, On 27-08-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 02-11-2021) | 1-20 |
| 27 | സ്ട്രീറ്റ് ലൈൻ വലിക്കൽ- അധികമായി നൽകിയ തുക ക്രമീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.<br>Written By: Reena Pittan (Asst. Audit Officer, On 27-08-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 06-11-2021) | 1-21 |
| 28 | പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള ലാപ് ടോപ്പ് വിതരണം- | 1-22 |

| | | |
|---|---|---|
| | ലാപ് ടോപ്പ് നൽകിയത് പഠനകാലയളവിനുശേഷം.<br>Written By: Anu Abraham (Auditor, On 27-08-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 06-11-2021) | |
| 29 | പൊതുമരാമത്ത് പ്രവൃത്തികളിൽ മോണിറ്ററിംഗ് നടക്കുന്നില്ല.<br>Written By: Suresh Babu KV (Audit Officer, On 28-08-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 02-11-2021) | 1-23 |
| 30 | സ്വയം തൊഴിൽ സംരംഭങ്ങൾക്ക് സബ്സിഡി അനുവദിക്കൽ- സർക്കാർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.<br>Written By: Reena Pittan (Asst. Audit Officer, On 27-08-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 06-11-2021) | 1-24 |
| 31 | പാലിയേറ്റീവ് പരിചരണം:- ഗുണഭോക്തൃലിസ്റ്റ് വെബ്ബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടില്ല<br>Written By: Dhanya.M.V (Auditor, On 27-08-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 02-11-2021) | 1-25 |
| | **ഭാഗം 2** | |
| 1 | മൊബൈൽ ടവറുകൾക്ക് മാനദണ്ഡം പാലിക്കാതെ വസ്തുനികുതി നിർണ്ണയം നടത്തി-ഗ്രാമപഞ്ചായത്തിന് 1187760/- രൂപയുടെ നഷ്ടം.<br>Written By: Sabitha.K (Auditor, On 28-08-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 06-11-2021) | 2-1 |
| 2 | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് -1500/- രൂപ നഷ്ടം<br>Written By: Sabitha.K (Auditor, On 28-08-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 06-11-2021) | 2-2 |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Suresh Babu KV (Audit Officer, On 28-08-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 06-11-2021) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Suresh Babu KV (Audit Officer, On 28-08-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 31-08-2021) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Suresh Babu KV (Audit Officer, On 28-08-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 06-11-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ<br>Written By: Suresh Babu KV (Audit Officer, On 28-08-2021)<br>Last Updated By: Suresh Babu KV (Audit Officer, On 28-08-2021) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Suresh Babu KV (Audit Officer, On 28-08-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 02-11-2021) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Suresh Babu KV (Audit Officer, On 28-08-2021)<br>Last Updated By: Suresh Babu KV (Audit Officer, On 28-08-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Suresh Babu KV (Audit Officer, On 28-08-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 02-11-2021) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Suresh Babu KV (Audit Officer, On 28-08-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 02-11-2021) | 4-8 |

| | | |
|---|---|---|
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Suresh Babu KV (Audit Officer, On 28-08-2021)<br>Last Updated By: Suresh Babu KV (Audit Officer, On 28-08-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Suresh Babu KV (Audit Officer, On 28-08-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 06-11-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Suresh Babu KV (Audit Officer, On 28-08-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 06-11-2021) | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | RECEIPT & PAYMENT STATEMENT | |
| 3 | INCOME & EXPENDITURE STATEMENT | |
| 4 | BALANCE SHEET | |

## ഭാഗം -1

### 1-1 ബജറ്റ്

ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ 23-02-2019 തീയതിയിലെ യോഗത്തിലെ 14/2019 നമ്പർ തീരുമാനപ്രകാരം തയ്യാറാക്കിയ നടുവിൽ ഗ്രാമപഞ്ചായത്തിന്റെ 2019-20 സാമ്പത്തികവർഷത്തേക്കുള്ള കരട് ബജറ്റ് 26-02-2019 തീയതിയിൽ അവതരിപ്പിക്കുകയും ഭരണസമിതിയുടെ തീരുമാനം നം.1 പ്രകാരം ഭേദഗതികളൊന്നുമില്ലാതെ അംഗീകരിക്കുകയുമുണ്ടായി.ഭരണസമിതിയുടെ 23-03-2020 തീയതിയിലെ തീരുമാനം നമ്പർ-1പ്രകാരം 2019-20 സാമ്പത്തികവർഷത്തേക്കുള്ള പുതുക്കിയ ബജറ്റിന് അംഗീകാരം നൽകിയിട്ടുണ്ട്.

| | ബജറ്റ് പ്രകാരം | പുതുക്കിയ ബജറ്റ് പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 6108789 | 11663510 |
| വരവ് | 222369800 | 178070079 |
| ആകെ | 228478589 | 189733589 |
| ചെലവ് | 220530525 | 179771698 |
| നീക്കിയിരിപ്പ് | 7948064 | 9961891 |

### 1-1-1 ബജറ്റ് ഡോക്യുമെന്റുകൾ തയ്യാറാക്കി സൂക്ഷിക്കുന്നില്ല.

വാർഷിക ബജറ്റുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന പ്രധാന രേഖകൾ ബജറ്റ് ഡോക്യുമെന്റ് ആയി പ്രത്യേകം ഫയലിൽ സൂക്ഷിക്കേണ്ടതുണ്ട്.

1.ബജറ്റ് പ്രസംഗം

2.ബജറ്റ് കുറിപ്പുകൾ

3.ബജറ്റ് പത്രികകളും ബജറ്റ് ഷെഡ്യൂളുകളും

4.പെർഫോമൻസ് ബജറ്റ്

5.ജെൻഡർ ബജറ്റ്

എന്നാൽ 2019-2020 സാമ്പത്തികവർഷത്തിൽ മേൽ സൂചിപ്പിച്ച രേഖകൾ പ്രത്യേകം ബജറ്റ് ഡോക്യുമെന്റ് ആയി സൂക്ഷിച്ചിട്ടില്ല.

### 1-1-2 അധികവിഭവസമാഹരണത്തിനുള്ള സർക്കാർ നിർദ്ദേശങ്ങൾ തനത് വരുമാനവർദ്ധനവിന് ഉതകുന്ന രീതിയിൽ ഗ്രാമപഞ്ചായത്ത് ബജറ്റ് നിർദ്ദേശങ്ങളിൽ ഉൾപ്പെടുത്തുന്നില്ല.

സംസ്ഥാനത്തിന്റെ സമഗ്ര പശ്ചാത്തലവികസനത്തിനും സാമ്പത്തിക സുസ്ഥിരതക്കും നികുതിയേതര വർദ്ധനവ് വരുത്തേണ്ടത് അനിവാര്യമായതിനാൽ എല്ലാ സേവനങ്ങൾക്കുമുള്ള നിലവിലെ ഫീസുകൾ, ചാർജ്ജുകൾ എന്നിവ 01-04-2019 മുതൽ അഞ്ച് ശതമാനം വർദ്ധനവ് വരുത്തി സ.ഉ (അച്ചടി) 28/2019 ധന.തീയതി 08-03-2019 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എല്ലാ സർക്കാർ വകുപ്പുകളും പൊതുമേഖലാ ഗ്രാന്റ്-ഇൻ എയ്ഡ് സ്ഥാപനങ്ങളും പുതുക്കിയ സേവനനിരക്കുകൾ വ്യക്തമാക്കി പ്രത്യേകം ഉത്തരവ് നടപടിക്രമം പുറപ്പെടുവിക്കേണ്ടതാണെന്നും സർക്കാർ

നിർദ്ദേശിച്ചിരുന്നതാണ്. ഗ്രാമപഞ്ചായത്തിന്റെ ബജറ്റിൽ പ്രസ്തുതനിർദ്ദേശം ഉൾപ്പെടുത്തുകയോ സേവനനിരക്കുകളിൽ വർദ്ധനവ് വരുത്തുകയോ ചെയ്തിട്ടില്ല. തനത് വരുമാനം കുറവായ ഗ്രാമപഞ്ചായത്തിൽ സർക്കാരിന്റെ തനത് വരുമാനവർദ്ധനവിനുള്ള ഇത്തരം ഉത്തരവുകൾ നടപ്പിലാക്കി വരുമാനവർദ്ധനവിന് ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി പ്രത്യേകം ശ്രദ്ധ ചെലുത്തേണ്ടതാണ്. ഓരോ സാമ്പത്തികവർഷത്തിലും തനത് വരുമാനവർദ്ധനവിന് സർക്കാർ അനുമതി നൽകുന്ന നിർദ്ദേശങ്ങൾ നടപ്പിൽ വരുത്തുവാൻ ഇത്തരം നിർദ്ദേശങ്ങൾ ബജറ്റിൽ ഉൾപ്പെടുത്തുവാൻ അതാത് പ്രാദേശിക സർക്കാരുകൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-1-3 വരുമാനവർദ്ധനവിന് ഉതകുന്ന നിർദ്ദേശങ്ങൾ ബജറ്റിൽ ഉൾപ്പെടുത്തുന്നില്ല.

പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും നിലവിലുള്ള ഇനങ്ങളിൽ നിന്നും കൂടുതൽ വരുമാനം ഉറപ്പാക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ ഒന്നും തന്നെ ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി തയ്യാറാക്കുന്ന ബജറ്റ് നിർദ്ദേശങ്ങളിൽ ഉൾപ്പെടുത്തിയിട്ടില്ല. അധിക വിഭവ സമാഹരണത്തിനുതകുന്ന ക്രിയാത്മക നിർദ്ദേശങ്ങൾ ബജറ്റിൽ ഉൾപ്പെടുത്തുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും നിലവിലുള്ള ഇനങ്ങളിൽ നിന്നും കൂടുതൽ വരുമാനം ഉറപ്പാക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി തയ്യാറാക്കുന്ന ബജറ്റിൽ ഉൾപ്പെടുത്തുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

മേൽ സൂചിപ്പിച്ച ന്യൂനതകൾ ആവർത്തിക്കാതിരിക്കുവാനും ബജറ്റ് തയ്യാറാക്കുന്നതിൽ സ.ഉ(ആർ.ടി)നം.3291/2016/LSGD തിയതി 02-12-2016 പ്രകാരം സർക്കാർ അംഗീകരിച്ചിട്ടുള്ള ബജറ്റ് മാന്വലിലെ നടപടിക്രമങ്ങളും മറ്റും പാലിക്കുവാനും ഇക്കാര്യം ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുന്നു.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1.സ്ഥാപനമേധാവികളുടെ യോഗം വിളിച്ച് ചേർത്ത് ബജറ്റ് സംബന്ധിച്ച പ്രാഥമികകാര്യങ്ങൾ ചർച്ച ചെയ്യേണ്ടതാണ്.

2.ബജറ്റ് മാന്വൽ പ്രകാരമുള്ള രേഖകൾ ബജറ്റ് രേഖകളായി സൂക്ഷിക്കേണ്ടതാണ്.

3.എല്ലാ പ്രതീക്ഷിത ഇനങ്ങളും ബജറ്റിൽ ഉൾപ്പെട്ടുവെന്ന് ഉറപ്പാക്കേണ്ടതും പ്രസക്തമല്ലാത്ത ഇനങ്ങൾ ഒഴിവാക്കേണ്ടതുമാണ്.

4.ഗ്രാമപഞ്ചായത്തിന് പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും നിലവിലുള്ള ഇനങ്ങളിൽ നിന്നും കൂടുതൽ വരുമാനം ഉറപ്പാക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ ബജറ്റിൽ ഉൾപ്പെടുത്തുന്നതിന് ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്

5.കേരള സർക്കാരിന്റെ ബജറ്റ് നിർദ്ദേശങ്ങൾ പ്രകാരമുള്ള അധികവിഭവസമാഹരണത്തിനുള്ള സർക്കാർ ഉത്തരവുകൾ തനത് വരുമാനവർദ്ധനവിന് ഉതകുന്ന രീതിയിൽ ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കുന്നതിന് ഗ്രാമപഞ്ചായത്ത് ബജറ്റ് നിർദ്ദേശങ്ങളിൽ ഉൾപ്പെടുത്തേണ്ടതാണ്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി |
|---|---|---|
| 31.07.20 | 04.06.20 | തിരിച്ചയച്ചിട്ടില്ല |

വാർഷികധനകാര്യപത്രികയിലെ അപാകങ്ങൾ

l. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

2. ബി 4 പ്രകാരം ജോയിന്റ് വെൻജ്വർ ജില്ലാ, ബ്ലോക്ക് വിഹിതത്തിൽ നീക്കിയിരിപ്പായി (58,381+2,51,827) 3,10,208 രൂപ ഉണ്ട്. എന്നാൽ ആയതുമായി ബന്ധപ്പെട്ട സ്പെഷൽ ട്രഷറി അക്കൗണ്ടിൽ (നം 719091400002404) ൽ Rp 40(B) 2,01,827/- രൂപ മാത്രമാണ് നീക്കിയിരിപ്പ്. ബാക്കിയുള്ള 108381 രൂപ ട്രഷറി തനത് ഫണ്ട് അക്കൗണ്ടിലാണ് വരവ് വച്ചിട്ടുള്ളത് .

3.സ്ഥാപനത്തിന്റെ എല്ലാ ബാധ്യതകളും ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. ഉദാ: കരാറുകാർ സമർപ്പിച്ച അംഗീകരിച്ച ബില്ലുകൾ പ്രകാരമുള്ള തുക നൽകാൻ ബാക്കിയുള്ളവ (ക്യൂ ബില്ലുകൾ പ്രകാരമുള്ള തുകകൾ)

4.2019-20 വർഷം ഡപ്പോസിറ്റ് ഇനങ്ങളിലെ വരവ് ചെലവ് കണക്കുകളുടെ വിവരം ആയതുമായി ബന്ധപ്പെട്ട രജിസ്റ്ററിൽ ഇനം തിരിച്ച് രേഖപ്പെടുത്താത്തതിനാൽ ഡപ്പോസിറ്റ് ഇനത്തിലെ വരവ് ചെലവുകളുടെ കൃത്യതയും , 3 വർഷത്തിലേറെയായി ക്രമീകരിക്കാതെ തുടരുന്നതിനാ കാലഹരണപ്പെട്ട തുകയായ 586951 രൂപ 17.01.2020

തിയ്യതിയിലെ 03/02 തീരുമാന പ്രകാരം പഞ്ചായത്ത് ഫണ്ടിലേക്ക് വരവുവെച്ചതായി രേഖപ്പെടുത്തിയിട്ടുള്ളതിന്റെ കൃത്യതയും പരിശോധിക്കാൻ സാധിച്ചിട്ടില്ല.

5.Perrmit Fee For Running Of Machinery എന്ന ഇനത്തിൽ രജിസ്റ്റർ പ്രകാരം 8295 രൂപ ഡിമാന്റും വരവുമുണ്ട്. AFS ൽ 8295 രൂപ ഡിമാന്റ് ചെയ്തിട്ടുണ്ടെങ്കിലും RP 4 ലെ ബന്ധപ്പെട്ട ഹെഡിൽ വരവായി രേഖപ്പെടുത്തിയത് 7795/- രൂപയാണ്. ബാക്കി തുകയായ 500 രൂപ License Fee For D&O യിൽ നീക്കിയിരിപ്പുള്ള തുകയിൽ Permit Fee For Running Of Machinery എന്ന ഇനത്തിൽ വരവ് വന്നിട്ടുള്ളതിൽ നിന്നും ക്രമീകരിച്ചിട്ടുണ്ട് എന്നാണ് അറിയിച്ചിട്ടുള്ളത് . എന്നാൽ ആയതുമായി ബന്ധപ്പെട്ട രേഖകൾ ഹാജരാക്കിയിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം (റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 20521971 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 77769788 |
| ആകെ | 98291759 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 75596102 |
| നീക്കിയിരിപ്പ് | 22695657 |
| വരവിനങ്ങളിലുള്ള നഷ്ടം | 1189260 |
| ചെലവിനങ്ങളിലുള്ള നഷ്ടം / ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല. |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 162612 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | ജി ഒ പ്രൊജക്റ്റ് പ്രകാരം ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്ത തുക | ആകെ ചെലവ് | നീക്കിയിരിപ്പ് / ലാപ്സായ തുക | ചെലവ് % |
|---|---|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 17467071 | 17467071 | 15421987 | 800000 | 16221987 | 1245084 | 92.87 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 656000 | 656000 | 225000 | | 225000 | 431000 | 34.29 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 7050588 | 7050588 | 6676788 | | 6676788 | 373800 | 94.69 |
| മെയിന്റനൻസ്, | 0 | 14607000 | 14607000 | 8978534 | | 8978534 | 5628466 | 61.46 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| റോഡ് (ACR പ്രകാരം) | | | | | | | | |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 5992000 | 5992000 | 2629554 | | 2629554 | 3362446 | 43.88 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | 0 | 14904674 | 14904674 | 7647882 | | 7647882 | 7256792 | 51.31 |
| ദുരിതാ ശ്വാസനിധി | 1291 | 19630 | 20921 | -- | | --- | 20921 | |
| ഐസി ഡിഎസ്-കേന്ദ്ര വിഹിതം | 637676 | 1025777 | 1663453 | 845485 | | 845485 | 817968 | |
| സാക്ഷരത | 326 | 0 | 326 | 0 | 0 | 0 | 326 | |
| എം പി ഫണ്ട് | 569433 | 981951 | | 983249 | | 983249 | 568135 | |
| വിമുക്തി | 38200 | 0 | 38200 | 2836 | 0 | 2836 | 35364 | |
| കേരളോ ത്സവം | 25000 | 20000 | 45000 | 25000 | 0 | 25000 | 20000 | |
| ശുചിത്വ മിഷൻ, ടി.എസ്.സി. | 787702 | 0 | 787702 | 480961 | | 480961 | 306741 | |
| പൈക്ക | 7000 | - | 7000 | - | - | - | 7000 | |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | - | 120000 | 120000 | 120000 | - | - | 0 | |

2019-20 ഗ്രാന്റ് പത്രിക പരിശോധന -അപാകങ്ങൾ

ഗ്രാന്റ് വിനിയോഗപത്രികയിലെ ABSTRACT പ്രകാരമുള്ള തുക GRAND TOTAL, DETAILS OF EXPENDITURE എന്നിവയിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല. ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| Fund | Expenditure As Per ABSTRACT | GRAND TOTAL DETAILS OF EXPENDITURE | Remarks |
|---|---|---|---|
| CFC (UNTIED) | 7647882 | 454511 | പശ്ചാത്തലമേഖലയിലെ ചെലവ് കണക്കുകൾ Total Expenditure, Grand Total Expenditure എന്നിവയിൽ ഉൾപ്പെട്ടിട്ടില്ല. |
| Maintenance (Road) | 8978534 | 340961 | സേവന മേഖലയിൽ Sss വിഹിതത്തിൽ തുകയുടെ ചെലവ് തുകയാണ് Total Expenditure, Grand Total Expenditure എന്നിവയിൽ വന്നിട്ടുള്ളത്. |
| SSS (സംസ്ഥാനാവിഷ്കൃത ഫണ്ട്) | 340961 | 0 | സേവന മേഖലയിൽ Sss വിഹിതത്തിൽ തുകയുടെ ചെലവ് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആയത് Total |

| | | | |
|---|---|---|---|
| | | | Expenditure, Grand Total Expenditure എന്നിവയിൽ വന്നിട്ടില്ല. |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ എണ്ണം | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 232 | 119441591 | 127 | 56103309 | 0 | 105 | 127 | 55 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല.

## 1-5-1 നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പദ്ധതികളുടെ വിവരങ്ങൾ

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ആകെ പദ്ധതികളുടെ എണ്ണം | നടപ്പാക്കിയ പദ്ധതികളുടെ എണ്ണം | പദ്ധതി അടങ്കൽ | പദ്ധതിച്ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 7 | 6 | 2460900 | 2229894 | 91 |
| വെറ്റിനറി സർജ്ജൻ | 7 | 6 | 4782000 | 2801442 | 59 |
| വി ഇ ഒ | 22 | 14 | 36751965 | 11629699 | 32 |
| മെഡിക്കൽ ഓഫീസർ,പി എച്ച് സി | 15 | 13 | 3447964 | 1482901 | 43 |
| മെഡിക്കൽ ഓഫീസർ,ആയുർവേദ | 3 | 2 | 600000 | 510967 | 85 |
| ഹെഡ്മാസ്റ്റർ | 14 | 13 | 3034349 | 2570545 | 85 |
| ഐസിഡിഎസ് സൂപ്പർവൈസർ | 6 | 4 | 5109100 | 4070500 | 80 |
| അസിസ്റ്റന്റ് സെക്രട്ടറി | 2 | 1 | 1428000 | 1050000 | 74 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 135 | 55 | 52894404 | 24847248 | 47 |
| സെക്രട്ടറി | 20 | 12 | 5932909 | 3714393 | 63 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 1 | 1 | 3000000 | 1195720 | 40 |
| ആകെ | 232 | 127 | 119441591 | 56103309 | 47 |

## 1-5-2 വിനിയോഗത്തിലെ കുറവ്-ഗ്രാമപഞ്ചായത്തിന് 1.83കോടി രൂപയുടെ നഷ്ടം.

2019-2020 സാമ്പത്തികവർഷത്തിൽ 76സ്പിൽ ഓവർ പ്രൊജക്ടുകളും 156പുതിയ പ്രൊജക്ടുകളും ഉൾപ്പെടെ 232പ്രൊജക്ടുകൾക്ക് ജില്ലാ ആസൂത്രണസമിതിയുടെ അംഗീകാരം ലഭിച്ചതിൽ കേവലം 127 പ്രൊജക്ടുകൾക്ക് തുക ചെലവഴിക്കുവാനാണ് സാധിച്ചത്. വിവിധ പ്രൊജക്ടുകളിൽ 119064591 രൂപ വകയിരുത്തിയതിൽ 56103309/- രൂപ

മാത്രമാണ്ചെലവഴിച്ചത്. വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട് ഇനത്തിൽ ലഭിച്ച തുകയുടെ ചെലവ് വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| വികസന ഫണ്ട് സ്രോതസ്സുകൾ | ലഭിച്ച തുക | ചെലവഴിച്ച തുക | ലാപ്സായ തുക | ചെലവ് ശതമാനം |
|---|---|---|---|---|
| പൊതുവിഭാഗം- സാധാരണഫണ്ട് | 17467071 | 16221907 | 1245164 | 92.87 |
| എസ്.സി.പി. | 656000 | 225000 | 431000 | 34.29 |
| ടി.എസ്.പി | 7050588 | 6676788 | 373800 | 94.69 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 14904674 | 7647882 | 7256792 | 51.31 |
| മെയിന്റനൻസ് ഫണ്ട് ( റോഡ് ) | 14607000 | 8978534 | 5628466 | 61.46 |
| മെയിന്റനൻസ് ഫണ്ട് ( നോൺ റോഡ് ) | 5992000 | 2629554 | 3362446 | 43.88 |
| | 60677333 | 42379665 | 18297668 | 69.84 |

സ്പിൽ ഓവർ പ്രൊജക്ടുകൾക്ക് ക്യാരിഓവർ വിഹിതം ലഭിച്ചിട്ടില്ലാത്തതിനാൽ ചെലവഴിക്കാത്ത തുക 18297668/- രൂപ നഷ്ടപ്പെട്ടിരിക്കുകയാണ് (സ.ഉ.(കൈ)നം.11/2018 ത.സ്വ.ഭ.വ. തീയതി 29.01.2018, പദ്ധതി മാർഗരേഖയിലെ ഖണ്ഡിക 10 കാണുക). പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിലെ പിഴവും മോണിറ്ററിംഗ് സംവിധാനം പ്രവർത്തിക്കാത്തതും നിർവ്വഹിക്കാൻ കഴിയുന്നതിലും കൂടുതൽ പദ്ധതികൾ ഏറ്റെടുത്തതുമാണ് ഫണ്ട് നഷ്ടപ്പെടാനിടയാക്കിയത്. വകയിരുത്തിയ തുക മുഴുവനും ചെലവഴിക്കുന്നുവെന്നും അതാത് വർഷം നടപ്പാക്കാൻ കഴിയുന്ന പ്രോജക്ടുകൾ മാത്രമേ ഏറ്റെടുക്കുന്നുള്ളുവെന്നും പദ്ധതിയുടെ പുരോഗതി യഥാസമയം മോണിറ്ററിംഗ് ചെയ്യുന്നുവെന്നും പ്രവർത്തന കലണ്ടർ പ്രകാരം നിർവ്വഹണം പൂർത്തിയാക്കുന്നുവെന്നും ഭരണ സമിതി ഉറപ്പാക്കേണ്ടതാണ്. അതിനനുസൃതമായ മുന്നൊരുക്കങ്ങൾ നിർവ്വഹണ ഉദ്യോഗസ്ഥരും വർക്കിംഗ് ഗ്രൂപ്പുകളും സ്റ്റാന്റിംഗ് കമ്മിറ്റിയും നടത്തേണ്ടതാണ്. പ്രോജക്ടുകളുടെ എണ്ണം കുറച്ച്, ഏറ്റെടുക്കുന്ന പദ്ധതികൾ മുഴുവൻ നടപ്പിലാക്കി പദ്ധതി ചെലവ് പരമാവധി വർദ്ധിപ്പിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ നടത്തുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-5-3 മോണിറ്ററിംഗ് ഫലപ്രദമായി നടക്കുന്നില്ല

പ്രോജക്ട് മോണിറ്ററിംഗ് അതാത് വർക്കിംഗ് ഗ്രൂപ്പുകൾ നിവ്വഹിക്കേണ്ടതാണ്. അതിനായി പദ്ധതി രൂപീകരണശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് സമിതികളായി പ്രവർത്തിക്കേണ്ടതാണ്. മോണിറ്ററിംഗ് കമ്മിറ്റികൾ യോഗം ചേർന്ന് മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി വർക്കിംഗ് ഗ്രൂപ്പുകൾ ഭരണ സമിതിക്കും നിർവ്വഹണ ഉദ്യോഗസ്ഥനും സമർപ്പിക്കേണ്ടതാണ്. എന്നാൽ ഇത്തരത്തിലുള്ള വിശദമായ മോണിറ്ററിംഗ് നടന്നതായി കാണുന്നില്ല.ഗ്രാമപഞ്ചായത്തിലെ മുഴവൻ നിർവഹണഉദ്യോഗസ്ഥരുടെയും പ്രൊജക്ട് ഫയലുകളിൽ ഒന്നിൽ പോലും വിശദമായ മോണിറ്ററിംഗ് നടത്തിയതുമായി ബന്ധപ്പെട്ട നിർദ്ദിഷ്ട ഫാറത്തിലുള്ള മോണിറ്ററിംഗ് റിപ്പോർട്ട് ഉൾപ്പെടുത്തിയിട്ടില്ല.മോണിറ്ററിംഗ് റിപ്പോർട്ട് ലഭിക്കാതെ തുക ചെലവഴിക്കുന്നത് ക്രമപ്രകാരമല്ല. ഇക്കാര്യം ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-6 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത്,മെറ്റീരിയൽ കോസ്റ്റ് ഉൾപ്പെടെ | 0 | 33176000 | 33176000 | 33176000 | 0 |
| ഭരണചെലവുകൾ | 3251 | 1340711 | 1343962 | 742882 | 601080 |
| ആകെ | 3251 | 34516711 | 34519962 | 33918882 | 601080 |

## 1-7 ക്ഷേമ പദ്ധതികൾ

| വർഷം | ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെഎണ്ണം |
|---|---|---|---|
| 2019-20 | തൊഴിൽ രഹിത വേതനം | 52440 | 32 |
| | കർഷകതൊഴിലാളി പെൻഷൻ | 1860600 | 338 |
| | വിധവാ പെൻഷൻ | 5588400 | 1032 |
| | വാർദ്ധക്യകാല പെൻഷൻ | 17450400 | 3274 |
| | ഭിന്നശേഷിയുള്ളവർക്കുള്ള പെൻഷൻ | 2198700 | 412 |
| | വിവാഹ ധനസഹായം | 120000 | 4 |
| | അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 220200 | 49 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 05.08.2021 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 515രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു .

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ഭരണ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിന് ഫലപ്രദമായ ആഭ്യന്തര നിയന്ത്രണസംവിധാനം അത്യന്താപേക്ഷിതമാണ്. വിവിധ മേഖലയിലെ പ്രവർത്തനം വിലയിരുത്തുമ്പോൾ ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം കൂടുതൽ മെച്ചപ്പെടുത്തേണ്ടതുണ്ട്. ഗ്രാമപഞ്ചായത്തിന്റെ അനുമതിയില്ലാതെ നിർമ്മാണം / വിപുലീകരണം നടത്തുകയും പിന്നീട് ക്രമവൽക്കരണം നടത്തി നികുതി ഈടാക്കുന്ന കെട്ടിടങ്ങളുടെ എണ്ണം വർദ്ധിച്ചുവരികയാണ്. എന്നാൽ ഇത്തരം നിർമ്മാണപ്രവർത്തനങ്ങൾ യഥാസമയം കണ്ടെത്തി റിപ്പോർട്ട് ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല.ഗ്രാമപഞ്ചായത്തിലെ വിവിധ വരവിനങ്ങൾ പിരിച്ചെടുക്കുന്നതിലെ പുരോഗതി വിലയിരുത്തേണ്ട ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഇക്കാര്യത്തിൽ വേണ്ടത്ര വിലയിരുത്തലുകളോ ഇടപെടലുകളോ നടത്തിയിട്ടില്ല.പഞ്ചായത്തിന്റെ തനതു വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പുതിയ നികുതി നിർദ്ദേശങ്ങളൊന്നും തന്നെ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിററി യോഗങ്ങളിൽ ഉയർന്നു വന്നിട്ടില്ല.വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ കീഴിലുള്ള മേഖലകളിലെ പദ്ധതി നിർവ്വഹണം മോണിറ്റർ ചെയ്യുന്നതിൽ ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകളും സ്റ്റാന്റിംഗ് കമ്മിറ്റികൾ തന്നെയും നടപടികൾ സ്വീകരിച്ചിട്ടില്ല. ചെലവഴിച്ച പദ്ധതിപ്പണം സമയബന്ധിതമായും കാര്യക്ഷമമായും വിനിയോഗിക്കപ്പെട്ടിട്ടുണ്ട് എന്ന് ഉറപ്പുവരുത്താൻ സ്ഥാപനതലത്തിൽ ഏർപ്പെടുത്തിയ കൺട്രോളിംഗ് സംവിധാനം ഇത് മൂലം ഫലപ്രദമായില്ല.സെക്രട്ടറി ഉൾപ്പെടെയുള്ള നിർവഹണഉദ്യോഗസ്ഥരുടെ പ്രൊജക്ടുകളുടെ മോണിറ്ററിംഗ് റിപ്പോർട്ട് ഫയലിൽ സൂക്ഷിച്ചിട്ടില്ല.

മേൽ അപാകതകൾ പരിഹരിക്കുന്നതിനായി താഴെ പറയുന്ന ക്രമീകരണങ്ങൾ നിയന്ത്രണ സംവിധാനങ്ങളിൽ വരുത്തേണ്ടതുമാണ്.

എ) നികുതികൾ, നികുതിയേതര വരുമാനങ്ങൾ എന്നിവ ഡിമാന്റ് ചെയ്യുന്നതിൽ നിയമത്തിലും ചട്ടത്തിലും നിഷ്കർഷിക്കുന്ന നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്.

ബി) കെട്ടിടനിർമ്മാണം, മാലിന്യസംസ്കരണം, ഡി&ഒ ലൈസൻസ്, ശുചിത്വം തുടങ്ങി ഗ്രാമപഞ്ചായത്തിനെ ചുമതലയേല്പിച്ച മേഖലകളിലെ നിയമലംഘനങ്ങൾ റിപ്പോർട്ട് ചെയ്യേണ്ട ഉത്തരവാദിത്വം ഓഫീസ് ഉത്തരവ് മുഖേന ഫീൽഡ് സ്ററാഫിനെ ഏൽപ്പിക്കേണ്ടതും ഇപ്രകാരം ഏല്പിക്കുന്ന ചുമതലകൾ നിർവഹിക്കുന്നുണ്ടോയെന്ന് ഉറപ്പ് വരുത്തേണ്ടതും റിപ്പോർട്ടുകൾ ലഭ്യമാകുന്ന മുറയ്ക്ക് നടപടികൾ സ്വീകരിക്കാനുള്ള സംവിധാനങ്ങൾ ഒരുക്കേണ്ടതുമാണ്.

സി) വരുമാനവും വിവിധ നിയന്ത്രണ സംവിധാനങ്ങളും വിലയിരുത്തുന്നതിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി കൂടുതൽ ശ്രദ്ധ പതിപ്പിക്കേണ്ടതും ഇതിനായി എല്ലാ യോഗങ്ങളിലും സ്ഥിരം അജണ്ടയായി ഇത് സ്വീകരിക്കാവുന്നതുമാണ്.

ഡി) പ്രതിമാസ വരവുചെലവു കണക്ക് അംഗീകരിക്കുമ്പോൾ കണക്കുകളുമായി ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും ഫയലുകളും കൃത്യമായി സൂക്ഷിക്കുന്നുണ്ടോയെന്നും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തുന്നുണ്ടൊയെന്നും കൃത്യമായ ഉത്തരവുകളുടെയും രേഖകളുടെയും അടിസ്ഥാനത്തിലാണ് തുക ചെലവഴിക്കുന്നതെന്നും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

പെർഫോമൻസ് ഓഡിറ്റിന്റെ ഭാഗമായുള്ള ഏറ്റവും ഒടുവിലത്തെ റൂട്ടീൻ ഓഡിറ്റ് റിപ്പോർട്ട് പ്രകാരം 2021 ജനവരി മാസം മുതലുള്ള 14 ആക്ഷൻ പോയിന്റുകളിൽ നടപടി സ്വീകരിച്ച് തീർപ്പാക്കുവാൻ ബാക്കിയുണ്ട്. അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് റിപ്പോർട്ടുകളിലെ തടസ്സങ്ങൾ മുഴുവൻ തീർപ്പാക്കിയിട്ടുണ്ട്.

## 1-11 മൊബൈൽ ടവറുകൾക്ക് മാനദണ്ഡം പാലിക്കാതെ വസ്തുനികുതി നിർണ്ണയം നടത്തി- ഗ്രാമപഞ്ചായത്തിന് 1187760/- രൂപയുടെ നഷ്ടം.

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ചു വരുന്ന 11 മൊബൈൽ ടെലഫോൺ ടവറുകൾക്ക് 2019-20 വർഷം മുതൽ വസ്തു നികുതി (ചതുരശ്രമീറ്ററിന് 400 രൂപ നിരക്കിൽ) ചുമത്തിയിട്ടുണ്ട്.വസ്തു നികുതി നിർണ്ണയവുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1.ഒക്യുപെൻസി നൽകുന്ന തീയതി മുതൽ നികുതി നിർണ്ണയം നടത്തിയിട്ടില്ല ഗ്രാമ പഞ്ചായത്തിന് വരുമാന നഷ്ടം

ഗ്രാമ പഞ്ചായത്തിൽ 2019-20 വർഷത്തിൽ നികുതി നിർണ്ണയം നടത്തിയ 11 മൊബൈൽ ടെലഫോൺ ടവറുകളിൽ 9 ടവറുകൾക്ക് 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപ നികുതിയും സർചാർജ്ജും) ചട്ടങ്ങൾ, പ്രാബല്യത്തിൽ വന്ന (ജി.ഒ (എം എസ്) നം 19/2011 ത സ്വ ഭ വ ,തീയ്യതി 14.1.2011) തീയ്യതിക്കു മുൻപ് (14-1-2011) ഒക്യുപെൻസി അനുവദിച്ചവയാണ്. ഒക്യൂപെൻസി അനുവദിച്ചെങ്കിലും പ്രസ്തുത ടവറുകൾക്ക് ഗ്രാമ പഞ്ചായത്ത് നികുതി ചുമത്തിയിരുന്നില്ല. സർക്കാരിന്റെ 7-3-2014-ലെ ജി ഒ (ആർ ടി) നം .707/2014 , ത സ്വ ഭ വ ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം 9 മൊബൈൽ ടവറുകൾക്ക് ഒക്യൂപെൻസി അനുവദിച്ച തീയ്യതി മുതൽ 2012-13 സാമ്പത്തിക വർഷം വരെയുള്ള കാലയളവിൽ വാർഷിക വാടക മൂല്യത്തിന്റെ (ARV) അടിസ്ഥാനത്തിലും 2013-14 മുതൽ തറ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിലും നികുതി നിർണ്ണയം നടത്തി കുടിശ്ശിക ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതായിരുന്നു. എന്നാൽ തറ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ പുതുക്കിയ ചട്ടങ്ങൾ പ്രകാരം (2011 ലെ ചട്ടങ്ങൾ) നികുതി നിർണ്ണയം നടത്തി 2013-14മുതൽ മാത്രമേ കുടിശ്ശിക ഈടാക്കിയിട്ടുള്ളൂ. വാർഷിക വാടക മൂല്യത്തിന്റെ അടിസ്ഥാനത്തിൽ ഒക്യൂപെൻസി അനുവദിച്ച തിയ്യതി മുതൽ നികുതി നിർണ്ണയം നടത്തി 2012-13 സാമ്പത്തിക വർഷം വരെയുള്ള കുടിശ്ശിക ഈടാക്കാത്തതിനാൽ ഗ്രാമപഞ്ചായത്തിന് ലക്ഷകണക്കിന് രൂപ നഷ്ടം ഉണ്ടായിട്ടുണ്ട്. (മൊബൈൽ ടവറുകൾക്ക് ഗ്രാമപഞ്ചായത്ത് നിശ്ചയിച്ച വാർഷിക വാടക മൂല്യം എത്രയാണെന്ന് അറിയിച്ചിട്ടില്ലാത്തതിനാൽ പ്രസ്തുത കാലയളവിലെ നികുതിനഷ്ടം തിട്ടപ്പെടുത്താൻ സാധിച്ചിട്ടില്ല.) വിശദവിവരം ചുവടെ കൊടുക്കുന്നു.

| പേര് | പെർമിറ്റ് നമ്പർ/ തീയ്യതി അനുവദിച്ച തീയ്യതി | ഒക്യൂപെൻസി സർട്ടിഫിക്കറ്റ്അനുവദിച്ച തീയ്യതി | വാർഡ് നമ്പർ/ കെട്ടിനമ്പർ ,ആകെഏരിയ |
|---|---|---|---|
| മാനേജർ ഇൻഡസ് ടവേഴ്സ് ലിമിറ്റഡ് | BA250/08-09, 5-11-2008 | ലഭ്യമല്ല | VII /166B 62.63 ച മീ |
| | ലഭ്യമല്ല | 2-2-2008 | I/914 A 83.13 ച മീ |
| | 200/07-08 /1-1-08 | ലഭ്യമല്ല | V /65 C 84.83 ച മീ |

| | | | |
|---|---|---|---|
| | ലഭ്യമല്ല | 7-6-2010 | IX/452A<br>52.8ച മീ |
| | ലഭ്യമല്ല | 1-8-2008 | XII /161B<br>68ച മീ |
| | ലഭ്യമല്ല | 2-2-2008 | XIV/288A<br>57.82ച മീ |
| | BA 52/2009 ,13-5-2008 | ലഭ്യമല്ല | XIX/547A<br>72.23ച മീ |
| ജനറൽ മാനേജർ ബി എസ് എൻ എൽ | ലഭ്യമല്ല | 29-7-2008 | XII /360A<br>29.51ച മീ |
| എസ്സാർ ടെലക്കോം ടവർ &ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡ് | ലഭ്യമല്ല | 21-5-2009 | V /65 G<br>67.81ച മീ |

മേൽ സൂചിപ്പിച്ച 9 മൊബൈൽ ടവറുകളുടെ ഒക്യുപെൻസി തിയ്യതി മുതൽ 2012-13 സാമ്പത്തിക വർഷം വരെയുള്ള കാലയളവിലെ വസ്തു നികുതി വാർഷിക വാടക മൂല്യത്തിന്റെ അടിസ്ഥാനത്തിൽ നിർണ്ണയിച്ച് സെക്രട്ടറി ഉത്തരവ് പുറപ്പെടുവിക്കേണ്ടതും , കുടിശ്ശിക പലിശ സഹിതം ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

<u>2.ഒക്യുപെൻസി നൽകുന്ന തീയതി മുതൽ നികുതി നിർണ്ണയം നടത്തിയിട്ടില്ല 40824/- രൂപ നഷ്ടം</u>

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപ നികുതിയും സർചാർജ്ജും)ചട്ടങ്ങൾ പ്രകാരം നിലവിലുള്ള നികുതിദായകർക്ക് 2013-14 വർഷം മുതലും, പുതിയ നികുതിദായകർക്ക് ഉടനെയുമാണ് പുതുക്കിയ വസ്തുനികുതി നിരക്ക് പ്രാബല്യത്തിൽ വരുന്നത്. 2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 24 പ്രകാരം ഒക്യുപെൻസി അനുവദിക്കുന്ന തീയതി മുതൽ നികുതി ചുമത്തേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. 2019-20 ൽ നികുതി നിർണ്ണയം നടത്തിയ താഴെ പറയുന്ന രണ്ട് മൊബൈൽ ടവറുകൾക്ക് ഒക്യൂപെൻസി അനുവദിച്ചത് 14-1-2011 തീയ്യതിക്ക് ശേഷമാണ്. ആയതിനാൽ ഈ മൊബൈൽ ടവറുകൾക്ക് തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ തന്നെ ഒക്യൂപെൻസി അനുവദിച്ച തീയ്യതി മുതൽ നികുതി നിർണ്ണയിച്ച് ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതായിരുന്നു. എന്നാൽ ഈ ടവറുകൾക്ക് 2013-14 മുതൽ മാത്രമേ കുടിശ്ശിക നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടുള്ളു .വിശദവിവരം ചുവടെ (നികുതി നിർണ്ണയിക്കുന്നതിന് കണക്കാക്കിയതിൽ ടവർ സ്പാൻ ഏരിയ കൂടി ഉൾപ്പെടുത്തിയാണ് നഷ്ടം കണക്കാക്കിയിരിക്കുന്നത് ).

| പേര് | പെർമിറ്റ് നമ്പർ/ തീയ്യതി | ഒക്യൂപെൻസി സർട്ടിഫിക്കറ്റ് അനുവദിച്ച തീയ്യതി | വാർഡ് നമ്പർ/ കെട്ടിനമ്പർ ,ആകെ ഏരിയ | 2013-14 വർഷം മുതൽ ഈടാക്കിയ വാർഷിക വസ്തു നികുതി നിരക്ക് | 2013-14 വർഷം മുതൽ ഈടാക്കേണ്ടിയിരുന്ന വാർഷിക വസ്തു നികുതി നിരക്ക് (5% സെസ്- ഉൾപ്പടെ) (സ്പാൻ ഏരിയ ഉൾപ്പെടെ) | വസ്തു നികുതി ഡിമാന്റ് ചെയ്തതിലെ കുറവ് | റിമാർക്സ് |
|---|---|---|---|---|---|---|---|
| മാനേജർ ഇൻഡസ് ടവേഴ്സ് ലിമിറ്റഡ് | A3-5273 /10 , 16-7-2011 | ലഭ്യമല്ല | XIV /362 B<br>21.6ച മീ | 18.13 ച.മീ, 9139/-<br>(18.13x400 =7252 | 21.6ച മീ<br>10886/-<br>(21.6x400 =8640 | 10886/- | പെർമിറ്റ് കാലാവധി അവസാനിച്ചതിന്റെ തൊട്ടടുത്ത തീയ്യതിയാണ് നികുതി നിർണ്ണയത്തിന് കണക്കാക്കിയാണ് നഷ്ടം തിട്ടപ്പെടുത്തി |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | 20% വർദ്ധനവ്= 1450<br>ആകെ =8703<br>5% സെസ്- 436) | 20% വർദ്ധനവ്- 1728<br>ആകെ =10368<br>5% സെസ്- 518) | | യിരിക്കുന്നത്. (2012-13 വർഷം) |
| | ലഭ്യമല്ല | 18-10-2011 | XV/294B 39.6ച മീ | 21.81ച മീ<br>8245/-<br>(21.81x400 =8724<br>10%ഇളവ് -872<br>ആകെ =7852<br>5% സെസ്- 393 | 39.6ച മീ<br>14969/-<br>(39.6x400 =15840<br>10%ഇളവ് -1584<br>ആകെ =14256<br>5% സെസ്- 713 | 29938/- | 2011-12 മുതൽ 2012-13 വർഷംവരെയുള്ള നികുതിയാണ് കണക്കാക്കിയിരിക്കുന്നത് |
| | ആകെ | | | | | 40824/- | |

3.വസ്തു നികുതി നിർണ്ണയത്തിനുള്ള ഏരിയ കണക്കാക്കിയതിലെ പിഴവ് -1146936/- രൂപ നഷ്ടം

മൊബൈൽ ടെലിഫോൺ ടവറുകളുടെ നികുതി നിർണ്ണയം നടത്തുമ്പോൾ ടവർ സ്പാൻ ഏരിയ കൂടി ഉൾപ്പെടുത്തിയാണ് വസ്തുനികുതി നിർണ്ണയം നടത്തേണ്ടത്. എന്നാൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ച് വരുന്ന മൊബൈൽ ടെലിഫോൺ ടവറുകളുടെ നികുതി നിർണ്ണയം നടത്തുമ്പോൾ ടവർ സ്പാൻ ഏരിയ ഉൾപ്പെടുത്താതെ ഷെൽട്ടർ, സെക്യൂരിറ്റി റൂം, ഡി ജി റൂം എന്നിവ മാത്രം ഉൾപ്പെടുത്തിയാണ് നികുതി നിർണ്ണയം നടത്തിയത്. ഇത് മൂലം പഞ്ചായത്തിന് വലിയ സാമ്പത്തിക നഷ്ടം ഉണ്ടായിട്ടുണ്ട്. വിശദ വിവരം ചുവടെ കൊടുക്കുന്നു.

| പേര് | ഒക്യുപെൻസി സർട്ടിഫിക്കറ്റ് അനുവദിച്ച തീയ്യതി | വാർഡ് നമ്പർ/ കെട്ടിട നമ്പർ | പെർമിറ്റ് നമ്പർ/ തീയ്യതി | കംപ്ലീഷൻ പ്ലാൻ പ്രകാരമുള്ള ആകെ ഏരിയ / 2013-14 വർഷം മുതൽ 2019-20 ഈടാക്കിയ നികുതി | വസ്തുനികുതി നിർണ്ണയത്തിന് കണക്കാക്കിയ ഏരിയ , വാർഷിക വസ്തു നികുതി | വസ്തുനികുതി നിർണ്ണയത്തിന് ഉൾപ്പെടുത്താത്ത ഏരിയ, വാർഷിക വസ്തു നികുതി | വസ്തു നികുതി യിനത്തിൽ കുറച്ച് ഈടാക്കിയ തുക | റിമാർക്സ് |
|---|---|---|---|---|---|---|---|---|
| മാനേജർ ഇൻഡസ് ടവേഴ്സ് ലിമിറ്റഡ് | ലഭ്യമല്ല | VII /166B | BA250/08-09, 5-11-2008 | 62.63 ച മീ 71792/- | 27.13 ച മീ<br>10255/-<br>(27.13x400 =10852<br>10%ഇളവ് – 1082<br>ആകെ =9767/-<br>5% സെസ് - 488) | 35.5ച മീ<br>13419/-<br>(35.5x400 =14200<br>10%ഇളവ് -1420<br>ആകെ =12780<br>5% സെസ് - 639) | 93933/- | 2013-14 മുതൽ 2019-20 വർഷം വരെയുള്ള നികുതിയാണ് കണക്കാക്കിയിരിക്കുന്നത് |
| | 2-2-2008 | I/914 A | A4-1449/07, 26-7-2007 | 83.13 ച മീ 63973/- | 18.13 ച.മീ, 9139/- | 65ച മീ 32760 /- | 229320 | „ |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | (18.13x400 = 7252<br>20%വർദ്ധനവ്= 1451<br>ആകെ =8703<br>5% സെസ്- 436) | (65x400 =26000<br>20% വർദ്ധനവ്= 5200<br>ആകെ =31200<br>5% സെസ്- 1560) | | |
| ലഭ്യമല്ല | V /65 C | 200/07-08 /1-1-08 | 84.83 ച മീ<br>66150/- | 25ച.മീ<br>9450/-<br>(25x400 =10000<br>10%ഇളവ് -1000<br>ആകെ =9000<br>5% സെസ്- 450) | 59.83ച.മീ<br>22616/-<br>(59.83x400 =23932<br>10%ഇളവ് -2393<br>ആകെ =21539<br>5% സെസ്- 1077) | 158312 | „ |
| 7-6-2010 | IX /452 A | BA 295/09-10 /7-1-2010 | 52.8ച മീ<br>79562/- | 22.55ച മീ<br>11366/-<br>(22.55x400 =9020<br>20%വർദ്ധനവ് =1804<br>ആകെ =10824<br>5% സെസ്- 541) | 30.25ച മീ<br>15246 /-<br>(30.25x400 =12100<br>20%വർദ്ധനവ് =2420<br>ആകെ =14520<br>5% സെസ്- 726) | 106722 | „ |
| 1-8-2008 | XII /161B | 242/07-08 ,6-2-08 | 68ച മീ<br>68194/- | 25.77ച മീ<br>9742/-<br>(25.77x400 = 10308<br>10%ഇളവ് – 1031<br>ആകെ = 9278<br>5% സെസ്- 464) | 42.23ച മീ<br>15963/-<br>(42.23x400 =16892<br>10%ഇളവ് -1689<br>ആകെ =15203<br>5% സെസ് - 760) | 111741 | „ |
| ലഭ്യമല്ല | XIV /362 B | A3-5273 /10 , 16-7-2011 | 21.6ച മീ<br>63973/- | 18.13ച മീ<br>9139/-<br>(18.13x400 =7252<br>20% വർദ്ധനവ് =1450<br>ആകെ =8703<br>5% സെസ് - 436) | 3.47ച മീ<br>1749 /-<br>(3.47x400 =1388<br>20%വർദ്ധനവ് =278<br>ആകെ =1666<br>5% സെസ്- 83) | 12243 | „ |
| 2-2-2008 | XIV/288A | A4-885/07 | 57.82ച മീ | 21.5ച മീ | 36.32ച മീ | 128142 | „ |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | | ,26-7-07 | 75852/- | 10836/-<br>(21.5x400 =8600<br>20%വർദ്ധനവ് =1720<br>ആകെ =10320<br>5% സെസ്-516) | 18306 /-<br>(36.32x400 =14528<br>20%വർദ്ധനവ് =2906<br>ആകെ =17434<br>5% സെസ്-872) | | |
| | 18-10-2011 | XV/294B | 131/11 ,10-2-2011 | 39.6ച മീ<br>57715/- | 21.81ച മീ<br>8245/-<br>(21.81x400 =8724<br>10%ഇളവ് -872<br>ആകെ =7852<br>5% സെസ്-393 | 17.79ച മീ<br>6724/-<br>(17.79x400 =7116<br>10%ഇളവ് -712<br>ആകെ =6404<br>5% സെസ്-320) | 47068 | „ |
| | ലഭ്യമല്ല | XIX/547A | BA 52/2009 ,13-5-2008 | 72.23ച മീ<br>60858/- | 23ച മീ<br>8694/-<br>(23x400 =9200<br>10%ഇളവ് -920<br>ആകെ =8280<br>5% സെസ്-414) | 49.23ച മീ<br>18610/-<br>(49.23x400 =19692<br>10%ഇളവ് -1969<br>ആകെ = 17723<br>5% സെസ്-887) | 130270 | „ |
| ജനറൽ മാനേജർ ബി എസ് എൻ എൽ | 29-7-2008 | XII /360A | A445 /07 ,14-5-2007 | 29.51ച മീ<br>53508/- | 22.75ച മീ<br>7644/-<br>(22.75x400 =9100<br>20%ഇളവ് -1820<br>ആകെ = 7280<br>5% സെസ്-364) | 6.76ച മീ<br>2272/-<br>(6.76x400 =2704<br>20% ഇളവ് -541<br>ആകെ =2163<br>5% സെസ്-109) | 15904 | „ |
| എസ്സാർ ടെലക്കോം ടവർ &ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡ് | 21-5-2009 | V /65 G | BA260/08-09 ,20-11-2008 | 67.81ച മീ<br>66150/- | 25ച മീ<br>9450/-<br>(25x400 =10000<br>10%ഇളവ് -1000<br>ആകെ =9000<br>5% സെസ്-450) | 42.81ച മീ<br>16183/-<br>(42.81x400 =17124<br>10%ഇളവ് -1712<br>ആകെ =15412<br>5% സെസ്-771) | 113281 | „ |

| | |
|---|---|
| ആകെ | 1146936 |

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ വ്യവസ്ഥകൾ പ്രകാരം നികുതി നിർണ്ണയം നടത്തിയ മേൽസൂചിപ്പിച്ച മൊബൈൽ ടവറുകൾക്ക് ഒക്കുപ്പൻസി നൽകിയ തീയതി മുതൽ നികുതി നിർണ്ണയം നടത്താത്തതിനാൽ 40824/- രൂപയും മൊബൈൽ ടെലഫോൺ ടവറുകളുടെ ഏരിയ കണക്കാക്കിയതിലെ പിഴവുമൂലം 1146936/- രൂപയും ഉൾപ്പെടെ ആകെ 1187760/- രൂപയുടെ വരുമാനനഷ്ടം ഗ്രാമപഞ്ചായത്തിനുണ്ടായിട്ടുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം (AE-9/2019-20,18-8-21)ന് ലഭ്യമാക്കിയ മറുപടിയിൽ പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ് എന്നറിയിച്ചിട്ടുണ്ട്.

<u>4.ഒക്യൂപെൻസി അനുവദിച്ച ശേഷം നികുതി നിർണ്ണയം നടത്താത്ത ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല നടപടി സ്വീകരിക്കേണ്ടതാണ്.</u>

2019-20 വസ്തുനികുതി നിർണ്ണയം നടത്തിയ മൊബൈൽ ടവറുകൾക്കെല്ലാം തന്നെ 2008 മുതൽ 2011 വരെ കാലയളവിൽ ഒക്യൂപെൻസി അനുവദിച്ചവയാണ്. ഈ ടവറുകൾക്കെല്ലാം തന്നെ ഒക്യൂപെൻസി അനുവദിച്ച തീയ്യതിയിൽ തന്നെ നികുതി ചുമത്തി ഡിമാന്റ് ചെയ്യേണ്ടതായിരുന്നു. ഇപ്രകാരം ഡിമാന്റ് ചെയ്ത് നികുതി ചുമത്തുന്നതിൽ പ്രസ്തുത കാലയളവിൽ ഒക്യൂപെൻസി അനുവദിച്ച സെക്രട്ടറിമാർ ഗുരുതരമായ വീഴ്ചവരുത്തിയതായി കാണുന്നു. ഇപ്രകാരം വിഴ്ചവരുത്തിയതിനാലാണ് ഗ്രാമപഞ്ചായത്തിന് കുടിശ്ശിക ഉണ്ടായതെന്ന് വ്യക്തമാണ്. പ്രസ്തുത കാലയളവിലെ (ഒക്യൂപെൻസി അനുവദിച്ച തീയതി മുതൽ 2012-13വരെ) കുടിശ്ശിക തുക ലഭിക്കാത്ത പക്ഷം ഒക്യൂപെൻസി അനുവദിച്ച് നികുതി ചുമത്താതെയിരുന്ന ജീവനക്കാരെ ഉത്തരവാദികളായി നിശ്ചയിച്ച് അവരിൽ നിന്നും കുടിശ്ശികതുക പലിശ സഹിതം ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## <u>1-12 തൊഴിൽ നികുതി ചുമത്തുന്നതിലെ അപാകങ്ങൾ</u>

ഓരോ അർദ്ധവർഷത്തിലും 60 ദിവസത്തിൽ കുറയാത്ത കാലം ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ഇടപാടുകൾ നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും, ബിസ്സിനസ്സ് നടത്തുകയോ, തൊഴിലിലോ, കലയിലോ ജോലിയിലോ ഏർപ്പെടുകയോ പൊതുവായോ, സ്വകാര്യമായോ എന്തെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണെന്ന 1994 ലെ കേരളപഞ്ചായത്ത് രാജ് നിയമം204ാം വകുപ്പ് ,1996 ലെ കേരള പഞ്ചായത്ത് രാജ്(തൊഴിൽ നികുതി)ചട്ടങ്ങളിലെ ചട്ടം3, 4 എന്നിവ അനുശാസിക്കുന്നു. 2019-20 സാമ്പത്തിക വർഷത്തിലെ തൊഴിൽ നികുതി പിരിവുമായി ബന്ധപ്പെട്ട രജിസ്റ്റർ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1)ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് -1500/- രൂപ നഷ്ടം

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ചു വരുന്ന സെന്റ് ജോസഫ് ഹോസ്പിറ്റൽ, കരുവൻഞ്ചാലിലെ ജീവനക്കാരുടെ രണ്ടാം അർദ്ധവർഷ തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് കാണുന്നു. (രശീത് നമ്പർ 11901010624O/തീയതി 10.02.2020) വിശദവിവരം ചുവടെ

| ജീവനക്കാരുടെ പേര് ,തസ്തിക | ആകെ വരുമാനം | ഈടാക്കേണ്ട നികുതി | ഈടാക്കിയ നികുതി | കുറവ് |
|---|---|---|---|---|
| ബീന വിജയൻ, നഴ്സിംഗ് അസിസ്റ്റന്റ് | 65250 | 600 | 450 | 150 |
| അന്നമ്മ തോമസ്, നഴ്സിംഗ് അസിസ്റ്റന്റ് | 65250 | 600 | 450 | 150 |
| സിനി അഗസ്റ്റ്യൻ, സ്റ്റാഫ് നഴ്സ് | 65250 | 600 | 450 | 150 |
| സീമ മണി ,ടൈപ്പിസ്റ്റ് | 60150 | 600 | 450 | 150 |
| സിനി തോമസ്,സ്റ്റാഫ് നഴ്സ് | 65250 | 600 | 450 | 150 |
| ജൂലി ജോഷി,സ്റ്റാഫ് നഴ്സ് | 65250 | 600 | 450 | 150 |
| നീതു മോൾ ,സ്റ്റാഫ് നഴ്സ് | 65250 | 600 | 450 | 150 |
| സാലി സെബാസ്റ്റ്യൻ ,സ്റ്റാഫ് നഴ്സ് | 65250 | 600 | 450 | 150 |
| ദീപ ശിവൻ ,സ്റ്റാഫ് നഴ്സ് | 65250 | 600 | 450 | 150 |
| | | | | |

| | | | | |
|---|---|---|---|---|
| ബെന്നി ,ബില്ലിംഗ് | 60150 | 600 | 450 | 150 |
| ആകെ | | | | 1500 |

2)പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ച വരുന്ന കാരുണ്യാശ്രമം ആയുർവേദപ്രകൃതി ചികിത്സകേന്ദ്രം, പൈതൽമല എന്ന സ്ഥാപനത്തിലെ ജീവനക്കാരുടെ രണ്ട് അർദ്ധ വർഷങ്ങളിലെ തൊഴിൽ നികുതിയും, സ്ഥാപന തൊഴിൽ നികുതി എന്നിവ ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

3) 2019-20 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിലെ വിവിധ മരാമത്ത് പണികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

4) പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ച വരുന്ന ക്വാറികളിലെ തൊഴിലാളികളിൽ നിന്നും, മൈനിംഗ് മേറ്റ് /ബ്ലാസ്റ്റർ, മൈനിംഗ് മാനേജർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (AE-4/2019-20, 13-8-21) ലഭ്യമാക്കിയമറുപടിയിൽ തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്നറിയിച്ചിട്ടുണ്ട്. മേൽ പറഞ്ഞവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ വരവ് വയ്ക്കേണ്ടതാണ്.

## <u>1-13 കെട്ടിടനിർമ്മാണപെർമിറ്റ് അപാകങ്ങൾ</u>

1. മുൻ വർഷങ്ങളിലെ കെട്ടിട നിർമ്മാണ അപേക്ഷ രജിസ്റ്റർ പരിശോധിച്ചതിൽ നിർമ്മാണാനുമതിയുടെ സാധുതാ കാലയളവ് അവസാനിച്ചതിനു ശേഷവും പല കെട്ടിടങ്ങളുടെയും പൂർത്തീകരണ വിവരം രേഖപ്പെടുത്താതെയും നിർമ്മാണാനുമതികൾ നീട്ടി നൽകാതെയും പുതുക്കാതെയും തുടരുന്നതായി കാണുന്നു. ഈ കെട്ടിടങ്ങൾ പൂർത്തീകരിച്ചതായോ, നിർമ്മാണാനുമതിയുടെ സാധുതാ കാലയളവിനുള്ളിൽ അനുമതി നീട്ടി നൽകിയതായോ സാധുതാ കാലയളവ് അവസാനിച്ച ശേഷം അനുമതി പുതുക്കിയതായോ രേഖപ്പെടുത്തിയിട്ടില്ല. നിലവിലുള്ള കെട്ടിടങ്ങളുടെ കൂട്ടിച്ചേർക്കലിനുള്ള പെർമിറ്റുകളുടെ കാര്യത്തിൽ പൂർത്തീകരണ വിവരം ഗ്രാമപഞ്ചായത്തിനെ അറിയിക്കേണ്ടത് കെട്ടിട ഉടമയെ സംബന്ധിച്ച് അത്യാവശ്യമായ കാര്യമല്ലാത്തതിനാൽ(പ്രധാനമായും പാർപ്പിടാവശ്യത്തിനുള്ളവ) കംപ്ലീഷൻ പ്ലാൻ സമർപ്പിക്കണമെന്നില്ല. എന്നാൽ സ്ഥാപനത്തെ സംബന്ധിച്ചിടത്തോളം കെട്ടിടത്തിന്റെ കൂട്ടിച്ചേർത്ത ഭാഗത്തിന് പുതിയ നിരക്കിൽ നികുതി കണക്കാക്കി ഈടാക്കാനുള്ള സാധ്യത ഇല്ലാതാകുന്നു.ഇത് വരുമാന നഷ്ടം ഉണ്ടാക്കുന്നു. സ്ഥാപന പരിധിക്കുള്ളിലെ കെട്ടിടനിർമ്മാണ നിയന്ത്രണം സാധ്യമാകുന്നത് ഫീൽഡ് തല പരിശോധനയിലൂടെയാണ്. ആയതിനാൽ വാർഡിന്റെ ചുമതലയുള്ള ക്ലർക്കുമാർ ഫീൽഡ് പരിശോധന നടത്തുമ്പോൾ മുൻവർഷങ്ങളിൽ കൂട്ടിചേർക്കലുകൾക്ക് അനുമതി നൽകിയിട്ടുള്ളതും പെർമിറ്റ് കാലാവധി കഴിഞ്ഞിട്ടുള്ളതുമായ കെട്ടിടങ്ങൾ പരിശോധിച്ച് അവയുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ടെങ്കിൽ വസ്തുനികുതി പുനർനിർണ്ണയം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കാവുന്നതാണ്. തദ്ദേശ ഭരണം (ആർ ബി) വകുപ്പിന്റെ 01/03/2016 ലെ LSGD- RB 3/29/2016 - തസ്വഭവ നമ്പർ കത്ത് പ്രകാരം നിലവിലുള്ള കെട്ടിടങ്ങളുടെമേൽ നിർമ്മാണം/കൂട്ടിച്ചേർക്കലുകൾക്ക് പെർമിറ്റ് അനുവദിക്കുമ്പോൾ ഇത് സംബന്ധിച്ച് വിശദവിവരങ്ങൾ രേഖപ്പെടുത്തുന്നതിന് ഒരു രജിസ്റ്റർ തുറന്ന് വിവരങ്ങൾ രേഖപ്പെടുത്തി പരിശോധനയ്ക്കായി സൂക്ഷിക്കണം എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആയത് പാലിക്കേണ്ടതാണ്.

2.2019-20 വർഷത്തെ കെട്ടിട നിർമ്മാണ അപേക്ഷ രജിസ്റ്ററിലെ അപേക്ഷ നം.43 പ്രകാരം മിനിമോൾ എന്നവർക്ക് റസിഡൻഷ്യൽ ക്വാർട്ടേഴ്സ് പണിയുന്നതിന് 20.5.19 ന് പെർമിറ്റ് നൽകിയിട്ടുണ്ട്. എന്നാൽ 16.27m2 വരുന്ന Foyer ഏരിയ Permit Area കണക്കാക്കാൻ ചേർത്തിട്ടില്ല. ആയത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (നം.39/26.8.21)ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## <u>1-14 ഇ ടെണ്ടർ- ടെണ്ടർ ഫീ ക്ലെയിം ചെയ്യുന്നതിന് നടപടികളില്ല.ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ട വരുമാനം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിൽ കിടക്കുന്നു.</u>

ഗ്രാമപഞ്ചായത്തിലെ അഞ്ച് ലക്ഷം രൂപക്ക് മുകളിലുള്ള പൊതുമരാമത്ത് പ്രവൃത്തികളുടെ ഇ-ടെണ്ടർ നടപടിക്രമങ്ങളുടെ ഭാഗമായി ടെണ്ടർ ഫീ, ഇ.എം.ഡി എന്നീ ഇനങ്ങളിലെ തുക കണ്ണൂർ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിലേക്കാണ് ക്രെഡിറ്റ് ചെയ്യപ്പെടുന്നത്. ഇപ്രകാരം ക്രെഡിറ്റ് ചെയ്യപ്പെട്ട ടെണ്ടർ ഫീയിനത്തിലെ തുക ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിൽ നിന്നും ഗ്രാമപഞ്ചായത്ത് അക്കൗണ്ടിലേക്ക് ലഭിക്കുന്നതിന് ആവശ്യമായ ഒരു നടപടിയും ഗ്രാമപഞ്ചായത്ത് സ്വീകരിച്ചിട്ടില്ല.ഓരോ സാമ്പത്തികവർഷാവസാനവും ഇ-ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ ലിസ്റ്റ് സഹിതം ജില്ലാ പഞ്ചായത്തിനെ അറിയിക്കേണ്ടതും തുടർനടപടികൾ

സ്വീകരിക്കേണ്ടതുമായിരുന്നു.എന്നാൽ ഇ-ടെണ്ടർ ആരംഭിച്ച വർഷം മുതൽ ഇ-ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ ടെണ്ടർ ഫീ സംബന്ധിച്ച വിശദാംശങ്ങൾ ജില്ലാ പഞ്ചായത്ത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയറെ അറിയിച്ചിട്ടില്ല. ടെണ്ടർ ഫീ ഇനത്തിൽ ഇതുവരെ ലഭിക്കുവാനുള്ള തുക കണക്കാക്കി കണ്ണൂർ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറിൽ നിന്നും ലഭിക്കുന്നതിന് സത്വരനടപടി സ്വീകരിക്കേണ്ടതാണ്.

## 1-15 പാലക്കയം തട്ട് ടൂറിസം പ്രദേശത്തെ സ്ഥാപനങ്ങൾ പി പി ആർ ആക്ട് പ്രകാരമുള്ള ലൈസൻസ് എടുത്തിട്ടില്ല.

പാലക്കയം തട്ട് ടൂറിസം ടയാംഗിൾ എന്ന സ്ഥാപനത്തിൽ നിന്നും ഗ്രാമപഞ്ചായത്തിന് തൊഴിൽനികുതി ഇനത്തിൽ തൻവർഷം വരവുണ്ട്. കണ്ണൂർ ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലിൽ നിന്നും വിവിധ വ്യക്തികളും സ്ഥാപനങ്ങളും പാലക്കയം തട്ട് ടൂറിസം പ്രദേശത്തെ സ്ഥലങ്ങൾ പാട്ടത്തിനെടുക്കുകയും ടൂറിസവുമായി ബന്ധപ്പെട്ട് പ്രസ്തുത സ്ഥലങ്ങളിൽ വിനോദത്തിനുതകുന്ന നിരവധി താൽക്കാലിക സംവിധാനങ്ങൾ ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. പ്രസ്തുതപ്രദേശങ്ങളെല്ലാം തന്നെ ജനങ്ങൾ വിനോദത്തിനായി ഒത്തുചേരുന്ന പൊതു സങ്കേതങ്ങളായി പരിഗണിച്ച് കേരള പ്ലേസസ് ഓഫ് പബ്ലിക്ക് റിസോർട്ട് ആക്ട് 1963,കേരള പ്ലേസസ് ഓഫ് പബ്ലിക്ക് റിസോർട്ട് റൂൾസ് 1965 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഫീസ് (കേരള പ്ലേസസ് ഓഫ് പബ്ലിക്ക് റിസോർട്ട് റൂൾസ് 1965 ചട്ടം-28) ഈടാക്കി ലൈസൻസിന് വിധേയമാക്കേണ്ടതായിരുന്നു. എന്നാൽ നടുവിൽ ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന പാലക്കയം തട്ട് ടൂറിസം പ്രദേശത്തെ സ്ഥാപനങ്ങളെ (പ്രവേശനത്തിന് പണം സ്വീകരിക്കുന്ന സ്ഥാപനങ്ങൾ ഉൾപ്പെടെ) പി പി ആർ ആക്ട് പ്രകാരമുള്ള ലൈസൻസിന് ഇതുവരെ വിധേയമാക്കിയിട്ടില്ല. പി പി ആർ ആക്ട് പ്രകാരമുള്ള ലൈസൻസ് എടുക്കാതെ പാലക്കയം തട്ട് ടൂറിസം പ്രദേശത്തെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് സംബന്ധിച്ച് എത്രയും വേഗം തുടർനടപടികൾ സ്വീകരിക്കേണ്ടതും വിവരം അറിയിക്കേണ്ടതുമാണ്.

## 1-16 ഉറവിട മാലിന്യസംസ്കരണം ഉറപ്പാക്കി ലൈസൻസ് നൽകേണ്ടതാണ്.

2019-20 വർഷത്തെ തനത് ഫണ്ട് വൗച്ചറുകൾ പരിശോധിച്ചതിൽ നിന്നും നടുവിൽ ടൗണിൽ കോഴിമാലിന്യം നിക്ഷേപിച്ചത് വൃത്തിയാക്കിയ വകയിൽ ₹8,200 (വൗച്ചർ നം.51900666/18/10/19) നൽകിയതായി ശ്രദ്ധയിൽപ്പെട്ടു.

പഞ്ചായത്തു പരിധിയിൽ ഇറച്ചിക്കടകൾ, ഹോട്ടലുകൾ എന്നിവ ലൈസൻസ് നേടി പ്രവർത്തിക്കുന്നുണ്ട്.

സ.ഉ(സാധാ)നം.2511/2017/തസ്വഭവ തിയതി 22-07-2017 പ്രകാരം ഉറവിട മാലിന്യ സംസ്കരണം ഫലപ്രദമായും കാര്യക്ഷമമായും നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിക്കുവാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ നിർദ്ദേശം നൽകിയിരുന്നു. മാലിന്യങ്ങൾ വേർതിരിച്ച് ശേഖരിച്ച് ഉറവിടത്തിൽ തന്നെ ഫലപ്രദമായി സംസ്കരിക്കുന്നതിന് ബയോബിൻ, എയ്റോബിക് ബിൻ, ബയോഗ്യാസ് പ്ലാന്റ് പോലുള്ള സംവിധാനങ്ങൾ ഉണ്ടെന്ന് ഉറപ്പാക്കി മാത്രമേ ലൈസൻസ് അനുവദിക്കാവൂ എന്നും അജൈവ മാലിന്യങ്ങൾ നിശ്ചിത ഫീസ് ഈടാക്കി തദ്ദേശ സ്ഥാപനത്തിന് ശേഖരിക്കാവുന്നതാണെന്നും സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. നിലവിലുള്ളതും പുതുതായി ലൈസൻസ് നൽകുന്നതുമായ സ്ഥാപനങ്ങളുടെ വാർഡ് തിരിച്ചുള്ള ലിസ്റ്റ് തയ്യാറാക്കി പ്രസിദ്ധപ്പെടുത്തേണ്ടതാണെന്നും 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 219 A മുതൽ 219 X വരെയുള്ള വകുപ്പുകൾ, കേന്ദ്ര സർക്കാരിന്റെ സോളിഡ് വേസ്റ്റ് ചട്ടങ്ങൾ, 2016 ലെ ചട്ടം 4 എന്നിവ നടപ്പാക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണെന്നും സർക്കാർ നിർദ്ദേശിച്ചിരുന്നു. ലൈസൻസ് അനുവദിക്കുമ്പോൾ മുകളിൽ പരാമർശിച്ച നിർദ്ദേശങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്. കശാപ്പുശാലകൾക്കോ ഇറച്ചിക്കടകൾക്കോ ലൈസൻസ് അനുവദിക്കുമ്പോൾ 1996-ലെ കേരളാ പഞ്ചായത്ത് രാജ് (കശാപ്പുശാലകളും ഇറച്ചിക്കടകളും) ചട്ടങ്ങൾ,ചട്ടം 40, 40A, B എന്നിവ കൃത്യമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതും ആയവ ലംഘിക്കപ്പെടുന്നുവെന്ന് ബോധ്യമാകുന്ന പക്ഷം ചട്ടം 40ബി പ്രകാരം മുൻകൂർ നോട്ടീസ് നൽകി ലൈസൻസ് റദ്ദാക്കാവുന്നതുമാണ്. ചട്ടം 41 പ്രകാരമുള്ള പിഴയും ഈടാക്കാവുന്നതാണ്. ആരോഗ്യ വകുപ്പുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി, ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന ഇറച്ചി വിൽപ്പന കേന്ദ്രങ്ങൾ ഉണ്ടെങ്കിൽ ആയവക്കെതിരെ 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 230 (എ) വകുപ്പ് പ്രകാരം നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-17 പുലിക്കുരുമ്പ അമ്പലപ്പറമ്പ്-പുല്ലുവനം റോഡ് പാർശ്വഭിത്തി നിർമ്മാണ പ്രവൃത്തി-മൊബിലൈസേഷൻ അഡ്വാൻസ് തിരിച്ചടച്ചപ്പോൾ പലിശ ഈടാക്കിയില്ല. 18835 രൂപ ഉത്തരവാദിയായവരിൽ നിന്നും ഈടാക്കേണ്ടതാണ്.

പുലിക്കുരുമ്പ അമ്പലപ്പറമ്പ്-പുല്ലുവനം റോഡ് പാർശ്വഭിത്തി നിർമ്മാണ പ്രവൃത്തിക്ക് (പ്രൊജക്ട് നമ്പർ-92/20117) മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ 21-03-2017 തീയതിയിൽ ഒരു ലക്ഷം രൂപ വാങ്ങിയ റോഡ് കമ്മറ്റി

പ്രവൃത്തിയുടെ കൺവീനർ ശ്രീ ജോസഫ്. കെ. എം പ്രവൃത്തി നടത്താതെ തുക 14-08-2019 തീയതിയിൽ 109965/-രൂപ (1ലക്ഷം അഡ്വാൻസ് +ബാങ്ക് അക്കൗണ്ടിൽ നിലവിലുണ്ടായിരുന്ന പലിശ 9965/-രൂപ) തിരിച്ചടച്ചിട്ടുണ്ട്. (NEFT-14-08-2019,V.No.119020900056). തദ്ദേശസ്വയംഭരണവകുപ്പിന്റെ 10703/ഡി പി 1/03/തസ്വഭവ സർക്കുലർ പ്രകാരം ജനകീയാസൂത്രണപദ്ധതിയിൻ കീഴിൽ ഗുണഭോക്തൃസമിതി മുഖേന പണികൾ നടത്തുന്നതിലേക്ക് അഡ്വാൻസ് തുക കൈപ്പറ്റിയിട്ട് എഗ്രിമെന്റിൽ പറഞ്ഞ തീയതിക്കുള്ളിൽ പ്രവൃത്തി പൂർത്തീയാക്കാതെ അഡ്വാൻസ് തുക തിരിച്ചടക്കുമ്പോൾ 12 ശതമാനം നിരക്കിൽ പലിശ ഈടാക്കണമെന്ന് (റവന്യൂ റിക്കവറി മുഖേനയാണെങ്കിൽ 18%) വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇതു പ്രകാരം പലിശയിനത്തിൽ 18835 രൂപ കൂടി റോഡ് കമ്മറ്റി പ്രവൃത്തിയുടെ കൺവീനർ ശ്രീ ജോസഫ്.കെ. എം എന്നവരിൽ നിന്നും തുക തിരിച്ചടക്കുന്ന സമയത്ത് തന്നെ ഈടാക്കേണ്ടതായിരുന്നു. (100000x12%X876 ദിവസം/365=28800-9965= 18835). സർക്കാർ നിർദ്ദേശപ്രകാരമുള്ള പലിശ ഈടാക്കാത്തതിനാലുണ്ടായ 18835 രൂപയുടെ നഷ്ടം ഉത്തരവാദിയായവരിൽ നിന്നും ഈടാക്കേണ്ടതാണ്. തുക ഈടാക്കിയത് സംബന്ധിച്ച ഫയൽ (കമ്മിറ്റിയുടെ പാസ് ബുക്ക് സഹിതം) പരിശോധനക്ക് ലഭ്യമാക്കാത്തതിനാൽ ബാങ്ക് അക്കൗണ്ടിൽ നിലവിലുണ്ടായിരുന്ന പലിശയുടെ കൃത്യത ഉറപ്പുവരുത്താനായിട്ടില്ല.

## 1-18 വിവിധ ഓഫീസുകളിലേക്ക് ഫർണിച്ചർ വാങ്ങൽ- വിതരണ രേഖകൾ ഹാജരാക്കിയില്ല ചെലവ് തുക 1,62,612 രൂപ തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി നടുവിൽ ഗ്രാമപഞ്ചായത്ത് |
| പ്രോജക്ട് നമ്പർ പേര് | 273/20 പഞ്ചായത്ത് ഓഫിസിലേക്കും ഘടക സ്ഥാപനങ്ങളുടെ ഓഫീസിലേക്കും ഫർണിച്ചർ വാങ്ങൽ |
| അടങ്കൽ | 60,000(വികസന ഫണ്ട് ജനറൽ)<br>1,70,500(തനത് ഫണ്ട് )<br>= ₹2,30,500 |
| ചെലവ്/വൗച്ചർ നം /തിയ്യതി | 1,62,612 (21901340/17.03.20 )<br>60000/- (2020-21 വർഷം നൽകി) |

പദ്ധതിയുടെ ഭാഗമായി അർജ്ജുൻ അസോസിയേറ്റ്സ്, മുല്ലക്കൊടി എന്ന സ്ഥാപനത്തിൽ ഇൻവോയിസ് നം - AR32/10.02.2020 പ്രകാരം താഴെ പട്ടികയിൽ കൊടുത്തിരിക്കുന്ന പ്രകാരം ഫർണിച്ചർ വാങ്ങിയിട്ടുണ്ട്. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട പ്രൊജക്ട് റിപ്പോർട്ട്, ഫർണിച്ചർ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്ത രേഖകൾ , പദ്ധതിയുമായി ബന്ധപ്പെട്ട പൂർത്തീകരണ സാക്ഷ്യപത്രം, മോണിറ്ററിംഗ് സാക്ഷ്യപത്രം എന്നിവ ഹാജരാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ഹാജരാക്കുകയുണ്ടായില്ല.

| ഇനം | എണ്ണം | ആകെ വില |
|---|---|---|
| ടേബിൾ 1.2X0.6 | 5 | 22,985 |
| ടേബിൾ3X2 | 1 | 2,700 |
| പ്ലാസ്റ്റിക്ക് കസേര Armless | 350 | 1,36,500 |
| സ്റ്റീൽ അലമാര 78”X36 | 5 | 49,235 |
| എയർ പോർട്ട് കസേര<br>3 Seat | 2 | 11,192 |
| ആകെ | | 2,22,612 |

രേഖകളുടെ അഭാവത്തിൽ 2019-20-ലെ ചെലവ് തുകയായ 1,62,612 രൂപ തടസ്സപ്പെടുത്തുന്നു.

## 1-19 കേരള സോഷ്യൽ സെക്യൂരിറ്റി മിഷന് തുക നൽകൽ- രേഖകൾ ഹാജരാക്കിയിട്ടില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി , നടുവിൽ ഗ്രാമപഞ്ചായത്ത് |

| | |
|---|---|
| പ്രോജക്ട് നമ്പർ പേര് | 280/20 കോക്ലിയർ ഇംപ്ലാന്റ് ചെയ്ത കുട്ടികൾക്ക് ഉപകരണങ്ങൾക്കായി കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ വിഹിതം നൽകൽ |
| അടങ്കൽ | 1,50,000/- (വികസന ഫണ്ട് ,ജനറൽ) |
| ചെലവ്/ ബിൽ നം/ തിയ്യതി | 1,00,000/14/24.10.19<br>50,000/24/22.02.20 |

പദ്ധതി പ്രകാരം കോക്ലിയർ ഇംപ്ലാന്റ് ചെയ്ത മൂന്ന് കുട്ടികളുടെ ഉപകരണങ്ങൾ പ്രവർത്തന ക്ഷമമായി നിലനിർത്തുന്നതിനും റിപ്പയർചെയ്യുന്നതിനും സർക്കാർ ഉത്തരവ് നം(സാധാ) 426/തസ്വഭവ .തി. 19/26.02.19 ലെ നിർദ്ദേശ പ്രകാരം 1,50,000 രൂപ കേരള സോഷ്യൽ സെക്യൂരിറ്റി മിഷന് നൽകിയിട്ടുണ്ട്. കൈപ്പറ്റ് രശീത്, ബന്ധപ്പെട്ട വിനിയോഗ സാക്ഷ്യ പത്രം എന്നിവ ഹാജരാക്കേണ്ടതാണ്. തുകയുടെ പ്രയോജനം ഗുണഭോക്താക്കൾക്ക് ലഭിച്ചിട്ടുണ്ട് എന്ന ഉറപ്പു വരുത്തിയതിന്റെ രേഖകൾ ഹാജരാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-20 ഐ കെ എം വിഹിതം നൽകൽ - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി , നടുവിൽ ഗ്രാമപഞ്ചായത്ത് |
| പ്രോജക്ട് നമ്പർ പേര് | 01/20 ഐ കെ എം വിഹിതം നൽകൽ |
| അടങ്കൽ | ₹105340 (വികസന ഫണ്ട്) |
| ചെലവ്/ബിൽ നം/തിയ്യതി | ₹105340 (05/30.07.19) |

ഐ കെ എം ന് വിഹിതം നൽകൽ എന്ന പദ്ധതിയുടെ ഭാഗമായി പ്ലാൻ ഫണ്ടിന്റെ 0.25 ശതമാനം പ്രവർത്തനഫണ്ടായി ഐ കെ എമിന് നൽകണമെന്ന സർക്കാർ നിർദ്ദേശമനുസരിച്ച് 105340 രൂപ മേൽ പരാമർശിച്ച ബിൽ പ്രകാരം ഐ.കെ.എം. ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

## 1-21 സ്ട്രീറ്റ് ലൈൻ വലിക്കൽ- അധികമായി നൽകിയ തുക ക്രമീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി, നടുവിൽ ഗ്രാമപഞ്ചായത്ത് |
| പ്രോജക്ട് നമ്പർ പേര് | 184/20 - 1,2,10 വാർഡുകളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ |
| അടങ്കൽ | ₹8,00,000(തനത് ഫണ്ട്) |
| ചെലവ്/വൗച്ചർ നം/തിയ്യതി | ₹198196 (21901138 /03.02.20)<br>₹328678 (21901137/03.02.20)<br>₹172074 (21901276/05.03.20)<br>= ₹ 698948 |

നടുവിൽ ഗ്രാമപഞ്ചായത്തിലെ കരുവൻ ചാൽ, കണിയൻചാൽ എന്നീ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ വലിക്കുന്ന പ്രവൃത്തി നടപ്പിലാക്കുന്നതിലേക്കായി കെ എസ് ബി ഇ യുടെ ആലക്കോട് സെക്ഷന് (328678+172074) 500752 രൂപയും , പുലിക്കുരുമ്പ വാർഡിൽ പ്രവൃത്തി നടപ്പിലാക്കുന്നതിലേക്കായി, ചെമ്പേരി സെക്ഷനു 198196 രൂപയും ഡപ്പോസിറ്റായി നൽകിയിട്ടുണ്ട്. ആയതുപ്രകാരം കരുവൻ ചാൽ, കണിയൻചാൽ എന്നീ വാർഡുകളിലെ പ്രവൃത്തി പൂർത്തികരിച്ചതായും

ആകെ 4208/- രൂപ കെ എസ് ഇ ബിയിൽ നീക്കിയിരിപ്പുള്ളതായും അറിയിച്ചിട്ടുണ്ട്. പുലിക്കുരുമ്പ വാർഡിലെ പ്രവൃത്തി പൂർത്തികരിച്ചതായും മുഴുവൻ തുകയും വിനിയോഗിച്ചതായും അറിയിച്ചിട്ടുണ്ട് . .

പ്രവൃത്തിയുമായി ബന്ധപ്പെട്ട താഴെ കൊടുത്തിരിക്കുന്ന രേഖകൾ ഹാജരാക്കാൻ ഓഡിറ്റ് എൻക്വയറി (11/23.08.21)നൽകിയെങ്കിലും മറുപടി ഹാജരാക്കിയിട്ടില്ല.

1. ലൈൻ വലിക്കൽ പ്രവൃത്തി നടത്തിയ മൂന്ന് വാർഡുകളിലും തെരുവ് വിളക്കുകൾ വാങ്ങി സ്ഥാപിച്ചതിന്റെ രേഖകൾ.

2. ഖണ്ഡികയിൽ പരാമർശിച്ച പ്രകാരം കെ എസ് ഇ ബിയിൽ നീക്കിയിരിപ്പുള്ള തുക ക്രമീകരിച്ചതിന്റെ രേഖകൾ

3. പുലിക്കുരുമ്പ വാർഡിൽ സ്ട്രീറ്റ് ലൈൻ പ്രവൃത്തി പൂർത്തീകരിച്ചതുമായി ബന്ധപ്പെട്ട് കെ എസ് ഇ ബിയിൽ നിന്നും ലഭിച്ച സാക്ഷ്യപത്രം .

കെ എസ് ഇ ബിയിൽ നീക്കിയിരിപ്പുള്ള തുക ക്രമീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. ഖണ്ഡികയിൽ പരാമർശിച്ച രേഖകൾ ഹാജരാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-22 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള ലാപ് ടോപ്പ് വിതരണം-ലാപ് ടോപ്പ് നൽകിയത് പഠനകാലയളവിനുശേഷം.

| | |
|---|---|
| പ്രോജക്റ്റ് നം | 178/19-20(Spill Over 29/19) |
| പ്രോജക്റ്റിന്റെ പേര് | ലാപ് ടോപ്പ് വിതരണം (എസ്.ടി.) |
| അടങ്കൽ | ₹513202 (വികസന ഫണ്ട് ടി.എസ്.പി.) |
| ചെലവ് | ₹482784 (വികസന ഫണ്ട് -ടി.എസ്.പി) |
| ബിൽ നം/ തിയതി | 5/19-20 14.8.19 |

നടുവിൽ ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ താമസിക്കുന്ന എസ്.ടി.വിഭാഗത്തിൽപ്പെട്ട ബിരുദ/ബിരുദാനന്തര കോഴ്സുകൾ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് പഠന നിലവാരം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി 19 ലാപ് ടോപ്പുകൾ വാങ്ങി നൽകുന്നതിനാണ് മേൽ പ്രൊജക്ട്. മത്സരാധിഷ്ഠിത ടെണ്ടർ മുഖേന P J മാർക്കറ്റിംഗ് എന്ന സ്ഥാപനത്തിൽ നിന്നും 19 ലാപ് ടോപ്പുകൾ വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. താഴെപ്പറയുന്ന ഗുണഭോക്താക്കൾക്ക് അവരുടെ കോഴ്സ് തീരുന്ന കാലയളവിലാണ് ലാപ് ടോപ്പ് ലഭ്യമായിരിക്കുന്നത്.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | കോഴ്സ് സർട്ടിഫിക്കറ്റ് പ്രകാരം പഠിക്കുന്ന ക്ലാസ് | പഠനം പൂർത്തിയാകുന്ന വർഷം | ലാപ് ടോപ്പ് വിതരണം ചെയ്ത തിയതി |
|---|---|---|---|---|
| 1 | ദിപിൻ രാഘവൻ | 3rd Year BA During 2018-19 | 2019 March | 21.3.19 |
| 2 | ആതിര കെ.കെ. | 3rd Year BA During 2018-19 | 2019 March | 21.3.19 |
| 3 | അമ്പിളി കൃഷ്ണൻ | 6th Semester BA During 2018-19 | On Or Before 2019 March | 21.3.19 |
| 4 | നവ്യ പി.വി. | 6th Semester B.COM During 2018-19 | On Or Before 2019 March | 21.3.19 |
| 5 | ആതിര സി.സി | 6th Semester BA During 2018-19 | On Or Before 2019 March | 21.3.19 |

ബിരുദ,ബിരുദാനന്തര,ഡിപ്ലോമ വിദ്യാർത്ഥികൾക്ക് പഠനസഹായത്തിനായി നൽകുന്ന ലാപ് ടോപ്പ് അവരുടെ പഠനകാലയളവിനുശേഷം ലഭിച്ചതുകൊണ്ട് പ്രയോജനമില്ല. അവസാന സെമസ്റ്റർ/വർഷം പഠിക്കുന്ന വിദ്യാർത്ഥികൾ

ഗുണഭോക്താക്കളാവുമ്പോൾ അവരുടെ പഠനകാലയളവ് തീരുമ്പോഴാവും ലാപ് ടോപ്പ് ലഭ്യമാവുക. അവർ തുടർന്ന ഉന്നത വിദ്യാഭ്യാസം നേടുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ പഞ്ചായത്തിന് കഴിഞ്ഞു എന്ന വരില്ല. പ്രൊജക്റ്റ് അതിന്റെ ലക്ഷ്യത്തെ സാധൂകരിക്കുന്നില്ലെന്ന മാത്രമല്ല സർക്കാരിന് വ്യക്തമായ നഷ്ടവുമുണ്ടാക്കുന്നു. ഇത്തരം പ്രൊജക്ടുകളിൽ അർഹരായ വിദ്യാർത്ഥികളെ അവരുടെ പഠനകാലയളവിന്റെ ഒന്നാം വർഷമോ രണ്ടാം വർഷമോ തന്നെ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടുത്താൻ സാധിക്കുന്ന രീതിയിൽ ഓരോ വർഷവും പ്രൊജക്ടുകൾ ക്രമീകരിക്കേണ്ടതും പഠനകാലയളവിന്റെ അവസാനം ലാപ് ടോപ്പ് ലഭ്യമാകുന്ന സാഹചര്യം വന്നാൽ അവർ തുടർ പഠനം നടത്തുന്നുണ്ടെന്ന് പഞ്ചായത്ത് ഉറപ്പാക്കേണ്ടതുമാണ്. ആയതിലേക്ക് ഭരണസമിതിയുടെ അടിയന്തര ശ്രദ്ധ ക്ഷണിക്കുന്നു.

## 1-23 പൊതുമരാമത്ത് പ്രവൃത്തികളിൽ മോണിറ്ററിംഗ് നടക്കുന്നില്ല.

ഗ്രാമപഞ്ചായത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ സംബന്ധിച്ച ഫയലുകളിലൊന്നിലും തന്നെ പ്രവൃത്തികൾ മോണിറ്ററിംഗ് ചെയ്തതിന്റെ രേഖകളില്ല.പൊതുമരാമത്ത് പ്രൊജക്റ്റ് നടപ്പിലാക്കുമ്പോൾ പാലിക്കേണ്ട മോണിട്ടറിംഗ് സംവിധാനത്തെക്കുറിച്ച് വ്യക്തമായ നിർദ്ദേശങ്ങൾ സ.ഉ.(കൈ)നം.11/2018 ത.സ്വ.ഭ.വ. തീയതി 29.01.2018പ്രകാരം നൽകിയിട്ടുണ്ട്. മേൽ ഉത്തരവ് ഖണ്ഡിക13.1 അനുസരിച്ച് മോണിട്ടറിംഗ് സമിതി യോഗം ചേർന്ന് മോണിട്ടറിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതാണ്.ഖണ്ഡിക 13.2 അനുസരിച്ച് വർക്കിംഗ് ഗ്രൂപ്പിന്റെ കൺവീനർ നിർവ്വഹണ ഉദ്യോഗസ്ഥനാണെങ്കിൽ മറ്റൊരു ഉദ്യോഗസ്ഥനെ ഭരണസമിതി തീരുമാനിച്ച് സെക്രട്ടറി രേഖാമൂലം വർക്കിംഗ് ഗ്രൂപ്പിനെ അറിയിക്കേണ്ടതാണ്.ഖണ്ഡിക 13.5 അനുസരിച്ച് പ്രവൃത്തിയുടെ പേര്, വർഷം, കരാറുകാരന്റെയും എഞ്ചിനീയറുടേയും പേര്, ഫോൺ നമ്പർ, അടങ്കൽ തുക, പ്രവൃത്തി ഇനങ്ങൾ, ഉപയോഗിക്കേണ്ട സാധനസാമഗ്രികളുടെ അളവ് എന്നിവ പ്രവൃത്തി സ്ഥലത്ത് പ്രദർശിപ്പിക്കണം. പ്രവൃത്തി പൂർത്തിയായതിന് ശേഷം പേര്, വർഷം, ചെലവഴിച്ച തുക, ഫണ്ട് തുടങ്ങിയവയും പ്രദർശിപ്പിക്കണം. എന്നാൽ അസിസ്റ്റന്റ് എൻജിനീയർ നിർവഹണം നടത്തിയ പ്രൊജക്ടുകളിലൊന്നിലും തന്നെ മോണിറ്ററിംഗ് കമ്മറ്റി റിപ്പോർട്ട് ഉൾപ്പെടുത്തിയിട്ടില്ല. 2019-20 വർഷത്തെ വർക്കിംഗ് ഗ്രൂപ്പ് മിനുട്സിലും മോണിറ്ററിംഗ് സംബന്ധിച്ച് ഒരു ചർച്ചയും നടന്നിട്ടില്ല. പ്രോജക്റ്റ് പൂർത്തീകരണ സാക്ഷ്യപത്രം പ്രൊജക്റ്റ് ഫയലിൽ ചേർത്തിട്ടില്ല. സെക്യൂരിറ്റി ഡെപ്പോസിറ്റ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.കാഷ് ബുക്ക് അസിസ്റ്റന്റ് എൻജിനീയർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഗ്രാമപഞ്ചായത്ത് പൊതുമരാമത്ത് പദ്ധതികളുടെ നടത്തിപ്പിൽ മേൽ പറഞ്ഞ നടപടികൾ സ്വീകരിക്കാത്തതിന് വിശദീകരണം നൽകേണ്ടതാണ്.

## 1-24 സ്വയം തൊഴിൽ സംരംഭങ്ങൾക്ക് സബ്സിഡി അനുവദിക്കൽ- സർക്കാർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വി ഇ ഒ (വെള്ളാട) നടുവിൽ ഗ്രാമപഞ്ചായത്ത് |
| പ്രോജക്റ്റ് നമ്പർ പേര് | 192/20 എൽ ഇ ഡി ബൾബ് നിർമ്മാണ യൂണിറ്റ് |
| അടങ്കൽ | ₹2,00,000(വികസന ഫണ്ട്) |
| ചെലവ്/ബിൽ നം/തിയ്യതി | ₹2,00,000 (05/20.08.19) |

സ്വയം തൊഴിൽ സംരംഭങ്ങൾക്ക് ധനസഹായം നൽകുക എന്ന ലക്ഷ്യത്തോടെ നടുവിൽ ഗ്രാമപഞ്ചായത്തിലെ ഭിന്ന ശേഷിക്കാരായ 5 പേർക്ക് എൽ ഇ ഡി ബൾബ് നിർമ്മാണ യൂണിറ്റ് എന്ന ചെറുകിട വ്യവസായ സംരംഭം നടത്തുന്നതിന് 2,00,000 രൂപ ധനസഹായം നൽകിയിട്ടുണ്ട്. വ്യവസായ സംരംഭം ആരംഭിക്കുന്നതിന് സിൻഡിക്കേറ്റ് ബാങ്കിൽ നിന്നും (അക്കൗണ്ട് നം. 42443170000072) അനുവദിച്ച വായ്പയായ 2,35,000/- രൂപയുടെ തിരിച്ചടവിനുള്ള ധനസഹായമായാണ് 2,00,000 രൂപ ഗുണഭോക്താക്കളുടെ ലോൺ അക്കൗണ്ടിലേക്ക് അനുവദിച്ചിട്ടുള്ളത്.
സ. ഉ. (കൈ) നം 22/2018/തസ്വഭവ തി.14.02.18 ഖ. 6.4.3 പ്രകാരം അനുവദിക്കാവുന്ന സബ്സിഡി നിരക്ക് 50 % ആണ്. അതു പ്രകാരം അനുവദിക്കാവുന്ന തുക 1,17,500/- രൂപയാണ് (50% Of 235000). സർക്കാർ ഉത്തരവിലെ നിർദ്ദശങ്ങളിൽ നിന്നും വ്യത്യസ്തമായി ആനുകൂല്യം അനുവദിക്കാനുണ്ടായ സാഹചര്യം വ്യക്തമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(10/18.08.21) ലഭ്യമാക്കിയ മറുപടിയിൽ 18.03.2019 ൽ സിൻഡിക്കേറ്റ് ബാങ്കിൽ

നിന്നും 4,00,000 രൂപ ലോൺ അനുവദിച്ചെങ്കിലും ആദ്യഗഡുവായി 2,35,000 രൂപ മാത്രമാണ് അനുവദിച്ചത് എന്നും ബാക്കി 1,65,000 ആദ്യ ഗഡു പൂർണ്ണമായും വിനിയോഗിച്ചതിനു ശേഷം മാത്രമേ അനുവദിക്കുകയുള്ളു എന്ന് അറിയിച്ച ബാങ്കിലെ അനുമതി പത്രത്തിന്റെ അടിസ്ഥാനത്തിലാണ് 2,00,000 രൂപ ധനസഹായമായി അനുവദിച്ചിട്ടുള്ളത് എന്നുമാണ് അറിയിച്ചത്. പിന്നീട് ബാങ്കിനെ സമീപിച്ചപ്പോൾ ഭിന്നശേഷിക്കാരായതിനാൽ ബാക്കി തുക നൽകാൻ തയ്യാറായില്ല എന്നും തുടർന്ന് ലോണിനായി മറ്റ് പല ബാങ്കുകളെയും സമീപിച്ചെങ്കിലും ലോൺ ലഭിക്കാത്തതിനെ തുടർന്ന് സംരംഭത്തിലെ ഒരു അംഗത്തിന്റെ സഹോദരന് സ്ഥാപനത്തിന്റെ പേരിൽ പുലിക്കുരുമ്പ സഹകരണബാങ്കിൽ നിന്നും 21.11.19 ന് 2,00,000 രൂപ ലോൺ അനുവദിച്ചിട്ടുണ്ടെന്നും ലഭിച്ച തുക പൂർണ്ണമായും വിനിയോഗിച്ചിട്ടുണ്ടെന്നും മറുപടി നൽകിയിട്ടുണ്ട്. കൂടാതെ ഭിന്നശേഷിക്കാരുടെ ഒരു സംരംഭം എന്ന പരിഗണന നൽകി അവർക്ക് ഒരു ഉപജീവനമാർഗ്ഗം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് ധനസഹായം അനുവദിച്ചിട്ടുള്ളതെന്നും മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. സർക്കാർ ഉത്തരവിൽ പരാമർശിച്ചിട്ടുള്ള നിബന്ധനകളും നിർദ്ദേശങ്ങളും പാലിച്ചുകൊണ്ട് മാത്രമേ ധനസഹായം അനുവദിക്കാവൂ എന്ന് വ്യക്തമാക്കിയിട്ടുള്ള സാഹചര്യത്തിൽ ആയത് പാലിക്കാതെ ധനസഹായം അനുവദിച്ചത് ശരിയായ നടപടിക്രമമല്ല. പ്രസ്തുത വിഷയത്തിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു. സംരംഭവുമായി ബന്ധപ്പെട്ട മോണിറ്ററിംഗ് റിപ്പോർട്ട്, പ്രവർത്തന റിപ്പോർട്ട് എന്നിവ ഹാജരാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-25 പാലിയേറ്റീവ് പരിചരണം:- ഗുണഭോക്തൃലിസ്റ്റ് വെബ്ബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)

പ്രോജക്ടിന്റെ പേര്- പാലിയേറ്റീവ് പരിചരണം

പ്രോജക്ട് നമ്പർ- S0014/19-20

വികസനഫണ്ട്-₹500000

ജില്ലാപഞ്ചായത്ത് വിഹിതം - ₹500000

ബ്ലോക്ക് പഞ്ചായത്ത് വിഹിതം - ₹500000

ആകെ അടങ്കൽ - ₹ 1500000

ആകെ ചെലവ്- ₹404488

29.10.15ലെ സഉ(സാധാ) നമ്പർ 3217/2015/തസ്വഭവ ഉത്തരവിലെ 2-5(6)പ്രകാരം നോമിനൽ രജിസ്റ്ററിൽ ഉൾപ്പെട്ടിരിക്കുന്ന രോഗികളുടെ പേര് വിവരം തദ്ദേശഭരണ സ്ഥാപനത്തിന്റെ വെബ്ബ് സൈറ്റിൽ പ്രസിദ്ധീകരിക്കേണ്ടതാണെന്നും തുടർന്ന് രജിസ്റ്ററിൽ കാലാകാലങ്ങളിൽ വരുത്തുന്ന കൂട്ടിചേർക്കലുകളും ഒഴിവാക്കലുകളും അതാത് സമയത്ത് വെബ്ബ് സൈറ്റിലുള്ള ലിസ്റ്റുകളിലും വരുത്തേണ്ടതാണെന്നും വെബ്ബ് സൈറ്റിൽ ലിസ്റ്റ് പ്രസിദ്ധീകരിക്കാതെ പാലിയേറ്റീവ് കെയർ പ്രോജക്ടിൽനിന്നും തുക ചെലവഴിക്കാൻ പാടില്ലായെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ നടുവിൽ ഗ്രാമപഞ്ചായത്തിലെ പാലിയേറ്റീവ് നോമിനൽ രജിസ്റ്ററിൽ ഉൾപ്പെട്ട രോഗികളുടെ പേര് വിവരം തദ്ദേശഭരണ സ്ഥാപനത്തിന്റെ വെബ്ബ് സൈറ്റിൽ പ്രസിദ്ധീകരിക്കാതെയാണ് പ്രസ്തുത വർഷം ചെലവ് നടത്തിയിട്ടുള്ളത്. ഈ കാര്യത്തിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു. അപാകങ്ങൾ പരിഹരിക്കേണ്ടതാണ്.

# ഭാഗം -2

## 2-1 മൊബൈൽ ടവറുകൾക്ക് മാനദണ്ഡം പാലിക്കാതെ വസ്തുനികുതി നിർണ്ണയം നടത്തി- ഗ്രാമപഞ്ചായത്തിന് 1187760/- രൂപയുടെ നഷ്ടം.

### 1.ഒക്യൂപെൻസി നൽകുന്ന തീയതി മുതൽ നികുതി നിർണ്ണയം നടത്തിയിട്ടില്ല 40824/- നഷ്ടം

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപ നികുതിയും സർചാർജ്ജും)ചട്ടങ്ങൾ പ്രകാരം നിലവിലുള്ള നികുതിദായകർക്ക് 2013-14 വർഷം മുതലും, പുതിയ നികുതിദായകർക്ക് ഉടനെയുമാണ് പുതുക്കിയ വസ്തുനികുതി നിരക്ക് പ്രാബല്യത്തിൽ വരുന്നത്. 2011-ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 24 പ്രകാരം ഒക്യുപ്പൻസി അനുവദിക്കുന്ന തീയതി മുതൽ നികുതി ചുമത്തേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. 2019-20 ൽ നികുതി നിർണ്ണയം നടത്തിയ താഴെ പറയുന്ന രണ്ട് മൊബൈൽ ടവറുകൾക്ക് ഒക്യൂപെൻസി അനുവദിച്ചത് 14-1-2011 തീയ്യതിക്ക് ശേഷമാണ്. ആയതിനാൽ ഈ മൊബൈൽ ടവറുകൾക്ക്

തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ തന്നെ ഒക്യൂപെൻസി അനുവദിച്ച തീയ്യതി മുതൽ നികുതി നിർണ്ണയിച്ച് ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതായിരുന്നു. എന്നാൽ ഈ ടവറുകൾക്ക് 2013-14 മുതൽ മാത്രമേ കുടിശ്ശിക നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടുള്ളൂ .വിശദവിവരം ചുവടെ (നികുതി നിർണ്ണയിക്കുന്നതിന് കണക്കാക്കിയതിൽ ടവർ സ്പാൻ ഏരിയ കൂടി ഉൾപ്പെടുത്തിയാണ് നഷ്ടം കണക്കാക്കിയിരിക്കുന്നത്).

| പേര് | പെർമിറ്റ് നമ്പർ/ തീയ്യതി | ഒക്യൂപെൻസി സർട്ടിഫിക്കറ്റ് അനുവദിച്ച തീയ്യതി | വാർഡ് നമ്പർ/ കെട്ടിനമ്പർ ,ആകെ ഏരിയ | 2013-14 വർഷം മുതൽ ഈടാക്കിയ വാർഷിക വസ്തു നികുതി നിരക്ക് | 2013-14 വർഷം മുതൽ ഈടാക്കേണ്ടിയിരുന്ന വാർഷിക വസ്തു നികുതി നിരക്ക് (5% സെസ്- ഉൾപ്പടെ) (സ്പാൻ ഏരിയ ഉൾപ്പെടെ) | വസ്തു നികുതി ഡിമാന്റ് ചെയ്തതിലെ കുറവ് | റിമാർക്സ് |
|---|---|---|---|---|---|---|---|
| മാനേജർ ഇൻഡസ് ടവേഴ്സ് ലിമിറ്റഡ് | A3-5273 /10 , 16-7-2011 | ലഭ്യമല്ല | XIV /362 B 21.6ച മീ | 18.13 ച.മീ, 9139/- (18.13x400 =7252 20% വർദ്ധനവ്= 1450 ആകെ =8703 5% സെസ്- 436) | 21.6ച മീ 10886/- (21.6x400 =8640 20% വർദ്ധനവ്- 1728 ആകെ =10368 5% സെസ്- 518) | 10886/- | പെർമിറ്റ് കാലാവധി അവസാനിച്ചതിന്റെ തൊട്ടടുത്ത തീയ്യതിയാണ് നികുതി നിർണ്ണയത്തിന് കണക്കാക്കിയാണ് നഷ്ടം തിട്ടപ്പെടുത്തി യിരിക്കുന്നത്. (2012-13 വർഷം) |
| | ലഭ്യമല്ല | 18-10-2011 | XV/294B 39.6ച മീ | 21.81ച മീ 8245/- (21.81x400 =8724 10%ഇളവ് -872 ആകെ =7852 5% സെസ്- 393 | 39.6ച മീ 14969/- (39.6x400 =15840 10%ഇളവ് -1584 ആകെ =14256 5% സെസ്- 713 | 29938/- | 2011-12 മുതൽ 2012-13 വർഷംവരെയുള്ള നികതിയാണ് കണക്കാക്കിയിരിക്കുന്നത് |
| | ആകെ | | | | | 40824/- | |

<u>2.വസ്തു നികുതി നിർണ്ണയത്തിനുള്ള ഏരിയ കണക്കാക്കിയതിലെ പിഴവ് -1146936/- രൂപ നഷ്ടം</u>

മൊബൈൽ ടെലിഫോൺ ടവറുകളുടെ നികുതി നിർണ്ണയം നടത്തുമ്പോൾ ടവർ സ്പാൻ ഏരിയ കൂടി ഉൾപ്പെടുത്തിയാണ് വസ്തുനികുതി നിർണ്ണയം നടത്തേണ്ടത് .എന്നാൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ച വരുന്ന മൊബൈൽ ടെലിഫോൺ ടവറുകളുടെ നികുതി നിർണ്ണയം നടത്തുമ്പോൾ ടവർ സ്പാൻ ഏരിയ ഉൾപ്പെടുത്താതെ ഷെൽട്ടർ,സെക്യൂരിറ്റി റൂം,ഡി ജി റൂം എന്നിവ മാത്രം ഉൾപ്പെടുത്തിയാണ് നികുതി നിർണ്ണയം നടത്തിയത്. ഇതു മൂലം പഞ്ചായത്തിന് വലിയ സാമ്പത്തിക നഷ്ടം ഉണ്ടായിട്ടുണ്ട്.വിശദ വിവരം ചുവടെ കൊടുക്കുന്നു.

| പേര് | ഒക്യൂപെ | വാർഡ് | പെർമിറ്റ് | കംപ്ലീഷൻ | വസ്തുനികുതി | വസ്തുനികുതി | വസ്തു | റിമാർക്സ് |
|---|---|---|---|---|---|---|---|---|

| | ൻസി സർട്ടിഫിക്കറ്റ് അനുവദിച്ച തീയ്യതി | നമ്പർ/ കെട്ടിടനമ്പർ | നമ്പർ/ തീയ്യതി | പ്ലാൻ പ്രകാരമുള്ള ആകെ ഏരിയ / 2013-14 വർഷം മതൽ 2019-20 ഈടാക്കിയനികതി | നിർണ്ണയത്തിന് കണക്കാക്കിയ ഏരിയ , വാർഷിക വസ്തു നികുതി | നിർണ്ണയത്തിന് ഉൾപ്പെടുത്താത്ത ഏരിയ, വാർഷിക വസ്തു നികുതി | നികുതിയിനത്തിൽ കുറച്ച് ഈടാക്കിയ തുക | |
|---|---|---|---|---|---|---|---|---|
| മാനേജർ ഇൻഡസ് ടവേഴ്സ് ലിമിറ്റഡ് | ലഭ്യമല്ല | VII /166B | BA250/08-09,<br>5-11-2008 | 62.63 ച മീ<br>71792/- | 27.13 ച മീ<br>10255/-<br>(27.13x400 =10852<br>10%ഇളവ് – 1082<br>ആകെ =9767/-<br>5% സെസ് – 488) | 35.5ച മീ<br>13419/-<br>(35.5x400 =14200<br>10%ഇളവ് -1420<br>ആകെ =12780<br>5% സെസ് – 639) | 93933/- | 2013-14 മുതൽ 2<br>019-20 വർഷം വരെയുള്ള നികതിയാണ് കണക്കാക്കിയിരിക്കുന്നത് |
| | 2-2-2008 | I/914 A | A4-1449/07,<br>26-7-2007 | 83.13 ച മീ<br>63973/- | 18.13 ച.മീ,<br>9139/-<br>(18.13x400 = 7252<br>20%വർദ്ധനവ്= 1451<br>ആകെ =8703<br>5% സെസ്- 436) | 65ച മീ<br>32760 /-<br>(65x400 =26000<br>20% വർദ്ധനവ്= 5200<br>ആകെ =31200<br>5% സെസ്- 1560) | 229320 | „ |
| | ലഭ്യമല്ല | V /65 C | 200/07-08 /1-1-08 | 84.83 ച മീ<br>66150/- | 25ച.മീ<br>9450/-<br>(25x400 =10000<br>10%ഇളവ് -1000<br>ആകെ =9000<br>5% സെസ്- 450) | 59.83ച.മീ<br>22616/-<br>(59.83x400 =23932<br>10%ഇളവ് -2393<br>ആകെ =21539<br>5% സെസ്- 1077) | 158312 | „ |
| | 7-6-2010 | IX /452 A | BA 295/09-10 /7-1-2010 | 52.8ച മീ<br>79562/- | 22.55ച മീ<br>11366/-<br>(22.55x400 =9020<br>20%വർദ്ധനവ് =1804<br>ആകെ =10824<br>5% സെസ്- 541) | 30.25ച മീ<br>15246 /-<br>(30.25x400 =12100<br>20%വർദ്ധനവ് =2420<br>ആകെ =14520<br>5% സെസ്- 726) | 106722 | „ |

| | | | | | | | |
|---|---|---|---|---|---|---|---|
| 1-8-2008 | XII /161B | 242/07-08 ,6-2-08 | 68ച മീ 68194/- | 25.77ച മീ 9742/- (25.77x400 = 10308 10%ഇളവ് – 1031 ആകെ = 9278 5% സെസ്- 464) | 42.23ച മീ 15963/- (42.23x400 =16892 10%ഇളവ് -1689 ആകെ =15203 5% സെസ് - 760) | 111741 | „ |
| ലഭ്യമല്ല | XIV /362 B | A3-5273 /10 , 16-7-2011 | 21.6ച മീ 63973/- | 18.13ച മീ 9139/- (18.13x400 =7252 20% വർദ്ധനവ് =1450 ആകെ =8703 5% സെസ് - 436) | 3.47ച മീ 1749 /- (3.47x400 =1388 20%വർദ്ധനവ് =278 ആകെ =1666 5% സെസ്- 83) | 12243 | „ |
| 2-2-2008 | XIV/288A | A4-885/07 ,26-7-07 | 57.82ച മീ 75852/- | 21.5ച മീ 10836/- (21.5x400 =8600 20%വർദ്ധനവ് =1720 ആകെ =10320 5% സെസ്-516) | 36.32ച മീ 18306 /- (36.32x400 =14528 20%വർദ്ധനവ് =2906 ആകെ =17434 5% സെസ്-872) | 128142 | „ |
| 18-10-2011 | XV/294B | 131/11 ,10-2-2011 | 39.6ച മീ 57715/- | 21.81ച മീ 8245/- (21.81x400 =8724 10%ഇളവ് -872 ആകെ =7852 5% സെസ്- 393 | 17.79ച മീ 6724/- (17.79x400 =7116 10%ഇളവ് -712 ആകെ =6404 5% സെസ്- 320) | 47068 | „ |
| ലഭ്യമല്ല | XIX/547A | BA 52/2009 ,13-5-2008 | 72.23ച മീ 60858/- | 23ച മീ 8694/- (23x400 =9200 10%ഇളവ് -920 ആകെ =8280 5% സെസ്- 414) | 49.23ച മീ 18610/- (49.23x400 =19692 10%ഇളവ് -1969 ആകെ = 17723 | 130270 | „ |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | | | | | 5% സെസ്- 887) | | |
| ജനറൽ മാനേജർ ബി എസ് എൻ എൽ | 29-7-2008 | XII /360A | A445 /07 ,14-5-2007 | 29.51ച മീ 53508/- | 22.75ച മീ 7644/- (22.75x400 =9100 20%ഇളവ് -1820 ആകെ = 7280 5% സെസ്- 364) | 6.76ച മീ 2272/- (6.76x400 =2704 20% ഇളവ് -541 ആകെ =2163 5% സെസ്- 109) | 15904 | „ |
| എസ്സാർ ടെലക്കോം ടവർ &ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡ് | 21-5-2009 | V /65 G | BA260/08-09 ,20-11-2008 | 67.81ച മീ 66150/- | 25ച മീ 9450/- (25x400 =10000 10%ഇളവ് -1000 ആകെ =9000 5% സെസ്- 450) | 42.81ച മീ 16183/- (42.81x400 =17124 10%ഇളവ് -1712 ആകെ =15412 5% സെസ്- 771) | 113281 | „ |
| ആകെ | | | | | | | 1146936 | |

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ വ്യവസ്ഥകൾ പ്രകാരം നികുതി നിർണ്ണയം നടത്തിയ മേൽസൂചിപ്പിച്ച മൊബൈൽ ടവറുകൾക്ക് ഒക്കുപ്പൻസി നൽകിയ തീയതി മുതൽ നികുതി നിർണ്ണയം നടത്താത്തതിനാൽ 40824/- രൂപയും മൊബൈൽ ടെലഫോൺ ടവറുകളുടെ ഏരിയ കണക്കാക്കിയതിലെ പിഴവുമൂലം 1146936/- രൂപയും ഉൾപ്പെടെ ആകെ 1187760/- രൂപയുടെ വരുമാനനഷ്ടം ഗ്രാമപഞ്ചായത്തിനുണ്ടായിട്ടുണ്ട്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം (AE-9/2019-20,18-8-21)ന് ലഭ്യമാക്കിയ മറുപടിയിൽ പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ് എന്നറിയിച്ചിട്ടുണ്ട്.

## 2-2 ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് -1500/- രൂപ നഷ്ടം

ഓരോ അർദ്ധവർഷത്തിലും 60 ദിവസത്തിൽ കുറയാത്ത കാലം പഞ്ചായത്ത് പ്രദേശത്ത് ഇടപാടുകൾ നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും,ബിസ്സിനസ്സ് നടത്തുകയോ, തൊഴിലിലോ, കലയിലോ ജോലിയിലോ ഏർപ്പെടുകയോ പൊതുവായോ, സ്വകാര്യമായോ എന്തെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണെന്ന 1994 ലെ കേരളപഞ്ചായത്ത് രാജ് നിയമം204ാം വകുപ്പ് ,1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം3,4 എന്നിവ അനുശാസിക്കുന്നു. എന്നാൽ 2019-20 സാമ്പത്തിക വർഷത്തിലെ തൊഴിൽ നികുതി പിരിവുമായി ബന്ധപ്പെട്ട രജിസ്റ്റർ പരിശോധിച്ചതിൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ചു വരുന്ന സെന്റ് ജോസഫ് ഹോസ്പിറ്റൽ, കരുവൻഞ്ചാലിലെ ജീവനക്കാരുടെ രണ്ടാം അർദ്ധവർഷ തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് കാണുന്നു.(രശീതി നമ്പർ 119010106240/10.2.2020) വിശദവിവരം ചുവടെ

| ജീവനക്കാരുടെ പേര് ,തസ്തിക | ആകെ വരുമാനം | ഈടാക്കേണ്ട നികുതി | ഈടാക്കിയ നികുതി | കുറവ് |
|---|---|---|---|---|
| ബീന വിജയൻ,നെഴ്സിംഗ് അസിസ്റ്റന്റ് | 65250 | 600 | 450 | 150 |
| അന്നമ്മ തോമസ്,നെഴ്സിംഗ് അസിസ്റ്റന്റ് | 65250 | 600 | 450 | 150 |
| സിനി അഗസ്റ്റ്യൻ,സ്റ്റാഫ് നെഴ്സ് | 65250 | 600 | 450 | 150 |
| സീമ മണി ,ടൈപ്പിസ്റ്റ് | 60150 | 600 | 450 | 150 |

| | | | | |
|---|---|---|---|---|
| സിനി തോമസ്,സ്റ്റാഫ് നെഴ്സ് | 65250 | 600 | 450 | 150 |
| ജൂലി ജോഷി,സ്റ്റാഫ് നെഴ്സ് | 65250 | 600 | 450 | 150 |
| നീതു മോൾ ,സ്റ്റാഫ് നെഴ്സ് | 65250 | 600 | 450 | 150 |
| സാലി സെബാസ്റ്റ്യൻ ,സ്റ്റാഫ് നെഴ്സ് | 65250 | 600 | 450 | 150 |
| ദീപ ശിവൻ ,സ്റ്റാഫ് നെഴ്സ് | 65250 | 600 | 450 | 150 |
| ബെന്നി ,ബില്ലിംഗ് | 60150 | 600 | 450 | 150 |
| ആകെ | | | | 1500 |

മേൽ അപാകതക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ (AE-4/2019-20, 13-8-21)ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടിയിൽ തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്നറിയിച്ചിട്ടുണ്ട്. മേൽ പറഞ്ഞവരിൽ നിന്നും കുറച്ച് ഈടാക്കിയ തൊഴിൽ നികുതി ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ വരവ് വയ്ക്കേണ്ടതാണ്.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുളള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2019-20 | 05.08.21മുതൽ 06.08.21 വരെ | കെ.എസ്.എ./കെ.എൻ.ആർ./ സി.13/950/2021 തീയതി: 06.11.2021 |

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ജില്ലാപഞ്ചായത്ത്, കണ്ണൂർ ആകെ | 2019-20 | 16977 | ലൈഫ് - ഭവനനിർമ്മാണം ജനറൽ ( SOപ്രൊജക്ട് നമ്പർ-185/20) | 16977 | 0 |
| | | 300000 | ശാരീരികമാനസികവെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ് (പ്രൊജക്ട് നമ്പർ-7/20) | 300000 | 0 |

| | | | | | |
|---|---|---|---|---|---|
| | | 42720 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി (പ്രൊജക്ട് നമ്പർ-19/20) | 42720 | 0 |
| | | 42500 | പച്ചക്കറികൃഷിക്ക് കൂലിചെലവ് സബ്സിഡി-ഗ്രാമപഞ്ചായത്തുകൾക്ക് ധനസഹായം (പ്രൊജക്ട് നമ്പർ-23/20) | 42500 | 0 |
| | | 402197 | | 402197 | 0 |
| ബ്ലോക്ക് പഞ്ചായത്ത്, തളിപ്പറമ്പ് ആകെ | 2019-20 | 225000 | ശാരീരികമാനസികവെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ് (പ്രൊജക്ട് നമ്പർ-7/20) | 225000 | 0 |
| | | 638000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി (പ്രൊജക്ട് നമ്പർ-19/20) | 638000 | 0 |
| | | 863000 | | 863000 | 0 |

സംയുക്ത പദ്ധതികൾക്കായി ലഭിച്ച ഫണ്ടിൽ വിനിയോഗിക്കാതെ ഗ്രാമപഞ്ചായത്ത് അക്കൗണ്ടിൽ അവശേഷിക്കുന്ന തുക അതാത് ഹെഡുകളിൽ തിരിച്ചടച്ച് വിവരം അറിയിക്കേണ്ടതാണ്.

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ചെക്ക്/വൗച്ചർ നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ. ബി | 1,2,10വാർഡുകളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ (പ്രൊ.നം.184/20) | ചെക്ക് നമ്പർ 5805013/03-02-2020 | 198196 | 0 | 198196 |
| | | ചെക്ക് നമ്പർ 5805012/03-02-20 | 328678 | 325916 | 2762 |
| | | വൗച്ചർ നമ്പർ 21901276/05.03.2020 | 172074 | 170628 | 1446 |
| ആകെ | | | 6,98,948 | 4,96,544 | 2,02,404 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ

2019-20 സാമ്പത്തികവർഷത്തിൽ മൊബിലൈസേഷൻ അഡ്വാൻസ് നൽകിയിട്ടില്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്തിന്റെ വായ്പ / വായ്പ തിരിച്ചടവിന്റെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വായ്പയുടെ പേര്, ഉദ്ദേശ്യം, ഉത്തരവ് നമ്പർ | സർക്കാർ ഉത്തരവ് നം. തീയതി | സർക്കാർ അനുമതി ലഭിച്ച വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കിയു | തൻ വർഷം ലഭിച്ച തുക | ആകെ വായ്പ തുക | ഓഡിറ്റ് വർഷം തിരിച്ചടച്ച വായ്പ | ഓഡിറ്റ് വർഷം ഒടുക്കിയ പലിശ | വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള |
|---|---|---|---|---|---|---|---|---|

| | | | ണ്ടായി രുന്ന തുക | | | | | വായ്പ തുക |
|---|---|---|---|---|---|---|---|---|
| ഇ.എം.എസ് ഭവനപദ്ധതി | സ.ഉ.(സാ.ധ) 1005/2010 തസ്വഭവ തീയതി 24-03-2010 | 17900000 | 1055650 | 0 | 1055650 | 1041663 | 0 | 13987 |
| ലൈഫ് ഭവന പദ്ധതി | പരിശോധനക്ക് ലഭിച്ചിട്ടില്ല | | 9462517 | 8424827 | 17887344 | 3520000 | 0 | 14367344 |
| | | | | | | | ആകെ | 14381331 |

## 4-6 സ്ഥിര നിക്ഷേപം

ഗ്രാമപഞ്ചായത്തിന് സ്ഥിരനിക്ഷേപങ്ങളില്ല.

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം ലഭിച്ച 20886 രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം / ഖണ്ഡിക | ഈടാക്കിയ തുക | തുക ഒടുക്കിയ ആളുടെ പേര് / ഉദ്യോഗ പേര് | രശീത് നമ്പർ / തീയ്യതി |
|---|---|---|---|---|
| 2006-07 | 2-2 | 180 | കെ ആർ വിജയൻ | 119010106342 , 13-2-2020 |
| 2006-07 | 2-2 | 300 | സംജോത് കുമാർ | 119010105703 , 24-1-2020 |
| 2007-08 | 2-2 | 540 | സെക്രട്ടറി നടുവിൽ ഗ്രാമ പഞ്ചായത്ത്(Si 1,2,3) | 119010106343 , 13-2-2020 |
| 2007-08 | 2-2 | 420 | മെഡിക്കൽ ഓഫീസർ പൊട്ടൻ പ്ലാവ് ആയുർവേദം (Si 4,5) | 119010106344 , 13-2-2020 |
| 2007-08 | 2-2 | 180 | കൃഷി ഓഫീസർ നടുവിൽ (Si 6) | 119010106363 , 13-2-2020 |
| 2007-08 | 2-2 | 720 | എച്ച് എം സെന്റ് ജോസഫ് എച്ച് എസ്(Si 8,9,10,11) | 119010106345 , 13-2-2020 |
| 2007-08 | 2-2 | 180 | എച്ച് എം ജി എൽ പി എസ് മൈലംപ്പെട്ടി | 119010106346 , 13-2-2020 |
| 2008-09,2009-10,2010-11 | 2-5 | 240 | ക്ഷീരോല്പാദകസഹകരണ സംഘം ,വെള്ളാട് | 119010106347 , 13-2-2020 |
| 2008-09,2009-10,2010-11 | 2-5 | 240 | ക്ഷീരോല്പാദകസഹകരണ സംഘം,പൊട്ടൻപ്ലാവ് | 119010106348 , 13-2-2020 |
| 2008-09,2009-10,2010-11 | 2-5 | 240 | ക്ഷീരോല്പാദകസഹകരണ സംഘം,നടുവിൽ | 119010106349 , 13-2-2020 |
| 2008-09,2009- | 2-5 | 1680 | പി ആർ ഭരതൻ | 119010106350 , 13-2-2020 |

| | | | | |
|---|---|---|---|---|
| 10,2010-11 | | | | |
| 2008-09,2009-10,2010-11 | 2-5 | 240 | സെക്രട്ടറി നടുവിൽ വില്ലേജ് വനിത സഹകരണ സംഘം | 119010106351 , 13-2-2020 |
| 2008-09,2009-10,2010-11 | 2-5 | 240 | കെ ഡി എച്ച് പി ഹോസ്പിറ്റൽ സൊസൈറ്റി കരുവൻഞ്ചാൽ | 119010106352 , 13-2-2020 |
| 2008-09,2009-10,2010-11 | 2-5 | 600 | ക്ഷീരോല്പാദകസഹകരണ സംഘം,പാത്തൻപാറ | 119010106353, 13-2-2020 |
| 2008-09,2009-10,2010-11 | 2-5 | 600 | ക്ഷീരോല്പാദകസഹകരണ സംഘം,പാത്തൻപാറ | 119010106354 , 13-2-2020 |
| 2008-09,2009-10,2010-11 | 2-5 | 600 | ക്ഷീരോല്പാദകസഹകരണ സംഘം,വിളക്കണ്ണൂർ | 119010106355 , 13-2-2020 |
| 2013-14,2014-15 | 2-3 (C1) | 480 | ജോജോ വർഗ്ഗീസ് | 119010102937 , 25-10-2019 |
| 2015-16 | 2-3 | 180 | മെഡിക്കൽ ഓഫീസർ (ഹോമിയോ)നടുവിൽ | 119010106405 , 17-2-2020 |
| 2016-17 | 2-4 | 600 | ക്ഷീരോല്പാദകസഹകരണ സംഘം,നടുവിൽ | 119010106356 , 13-2-2020 |
| 2016-17 | 2-4 | 600 | കള്ള്ഷാപ്പ് ,തൊഴുത്ത് | 119010106357, 13-2-2020 |
| 2016-17 | 2-4 | 240 | ഗാലസി സൂപ്പർ മാർക്കറ്റ് | 119010106358 , 13-2-2020 |
| 2016-17 | 2-4 | 240 | മദീന ടെക്സ്റ്റയിൽസ് | 119010106359 , 13-2-2020 |
| 2016-17 | 2-4 | 240 | ഫാഷൻ സിറ്റി കരുവൻഞ്ചാൽ | 119010106360 , 13-2-2020 |
| 2016-17 | 2-4 | 2500 | മാർട്ടിൻ കോട്ടയിൽ | 119010106386 , 14-2-2020 |
| 2016-17 | 2-4 | 1200 | ജോളി മാർട്ടിൻ | 119010106387 , 14-2-2020 |
| 2016-17 | 2-6 | 200 | പയസ് ജോസഫ് | 119010106361 , 13-2-2020 |
| 2016-17 | 2-6 | 200 | തോമസ് കെ സി | 119010106362 , 13-2-2020 |
| 2017-18 | 2-4 | 1200 | പോസ്റ്റ് മാസ്റ്റർ | 119010101086 , 26-6-2019 |
| 2017-18 | 2-4 | 3360 | ഭരതൻ പി ആർ | 119010101198 , 2-7-2019 |
| 2017-18 | 2-4 | 1200 | പോസ്റ്റ് മാസ്റ്റർ | 119010101285 , 6-7-2019 |
| 2017-18 | 3-1 | 235 | രജനീഷ് വി പി | 119010101089 , |

| | | | | |
|---|---|---|---|---|
| | | | | 26-6-2019 |
| 2017-18 | 3-1 | 171 | സേതു പി | 119010101090 , 26-6-2019 |
| 2018-19 | 1-14 | 840 | പി ടി പ്രസന്ന | 119010102082 ,27-9-2019 |
| ആകെ 20886 രൂപ | | | | |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2005-06 | 3-2(A) | 1999-2000 | | കുരുമുളക് ദ്രുതവാട്ടംകൃഷി ഓഫീസർ-ബി ഫണ്ട്-അധികസബ്സിഡി നൽകി-26884 രൂപ അധികചെലവ്. | തുക റവന്യൂ റിക്കവറി നടപടികളിലൂടെ ഈടാക്കിയിട്ടുണ്ട്. |
| 2010-11 | 2-14 | 2007-08 | 3-5 | ഡെപ്പോസിറ്റ് പ്രവൃത്തികൾ-ഊർജ്ജ സുരക്ഷാമിഷനിൽ നിക്ഷേപിച്ച തുക ഉപയോഗപ്രദമായിട്ടില്ല. | നിർവഹണ ഏജൻസിയായ അനർട്ട് തുക സർക്കാരിലേക്ക് തിരിച്ചടച്ചിട്ടുണ്ട്. |
| | | | | | |
| 2016-17 | 2-1 അനുബന്ധം-3 | 2013-14,2014-15 | 2-1 | വസ്തുനികുതി ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല. | തയ്യാറാക്കി സൂക്ഷിച്ചിട്ടുണ്ട്. |
| ---ടി--- | 2-1 അനുബന്ധം-4 | 2013-14,2014-15 | 2-3 | തൊഴിൽ നികുതി പിരിവ്-അപാകങ്ങൾ | അപാകങ്ങൾ പരിഹരിച്ചിട്ടുണ്ട്. |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 77769788 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 75596102 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 1189260 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല. |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 162612 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നത് | സർചാർജ് ചെയ്യാവുന്നത് | |
| 2-1 (1-11.2, 1-11.3) | 1187760 | | ശ്രീ.കെ.ദിനേശൻ,സെക്രട്ടറി |
| 2-2 (1-12) | 1500 | | ശ്രീ.കെ.ദിനേശൻ,സെക്രട്ടറി |
| ആകെ | 1189260 | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-18 | 162612 | ശ്രീ.കെ.ദിനേശൻ,സെക്രട്ടറി |
| ആകെ | 162612 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

| | |
|---|---|
| ഖണ്ഡിക നമ്പർ | 1-11.1, 1-12,1-15 |

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.കെ.ദിനേശൻ,സെക്രട്ടറി | സെക്രട്ടറി, നടുവിൽ ഗ്രാമപഞ്ചായത്ത്,കണ്ണൂർ. | ഉഷ ഭവൻ, എളയാവൂർ, വാരം(പി.ഒ), കണ്ണൂർ-670594 |

(എഫ്)ഓഡിറ്റ് എൻക്വയറി പ്രകാരം തിരിച്ചടച്ച തുകകളുടെ വിവരം.

| എൻക്വയറി നമ്പർ | വിഷയം | അടവാക്കിയ തുക | രസീത് നം.തീയതി,അടവാക്കിയ വ്യക്തിയുടെ പേര് |
|---|---|---|---|
| 2 | എർത്താങ്കരി ഒറ്റത്തൊട്ടി റോഡ് ടാറിംഗ്-കരാറുകാരന് അധിക തുക നൽകി | 2534 | 121010101110/24-08-21 അബ്ദുറഹിമാൻ.പി.പി ,കോൺട്രാക്റ്റർ |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1998-99 | കെ എസ് എ /കെ എൻ ആർ/സി 13-747/19 തീയതി 28.05.19 | 2 | 28,31 |
| 1999-2000 | -----ടി---- | 1 | 3-2(A) |
| 2000-01 | -----ടി---- | 2 | 5,7 |
| 2005-06 | -----ടി---- | 4 | 2-3,3-3,3-5,3-9 |
| 2006-07 | -----ടി---- | 7 | 2-1,2-2,3-2,3-3, 3-4,3-5, 3-8 |
| 2007-08 | -----ടി---- | 7 | 2-1,2-2,3-1,3-2,3-3, 3-4,3-5 |
| 2008-09,2009-10, 2010-11 | -----ടി---- | 15 | 2-4(B),2-5,2-6,3-2, 3-4,3-5,3-6,3-10, 3-11,3-12,3-14,3-15, 3-17,3-19,3-21 |
| 2011-12 2012-13 | -----ടി---- | 16 | 2-2,2-3,3-1,3-5,3-6, 3-7,3-8,3-9,3-15, 3-16,3-18,3-20,3-21, 3-22,3-23,3-24 |
| 2013-14 2014-15 | -----ടി---- | 13 | 2-5,3-1,3-2,3-3,3-4, 3-6,3-11,3-13,3-14, 3-16,3-18,3-20,3-21 |
| 2015-16 | -----ടി---- | 13 | 2-2,2-3,2-4,2-5,2-6,3-1,3-4, 3-5,3-6,3-8,3-9,3-10,3-11 |
| 2016-17 | -----ടി---- | 17 | 2-1,2-2,2-4,2-5,2-6,2-7,2-8,2-9,2-10, 3-1,3-3,3-5,3-6,3-7,3-8,3-9,3-10 |
| 2017-18 | കെ.എസ്.എ./കെ.എൻ.ആർ./ സി.13/1245/2019 തീ.09.10.2019 | 17 | 1-11, 1-12, 2-5, 2-7, 3-1, 3-2, 3-3, 3-5, 3-6, 3-8, 3-9(1), (2), 3-12, 3-13, 3-14, 3-15, 3- |

| | | | |
|---|---|---|---|
| | | | 17, 3-18 |
| 2018-19 | കെ എസ് എ /കെ എൻ ആർ/സി 13-870/20 തീയതി 13.11.2020 | 17 | 1-11,1-12(2),1-13(2),1-14,1-15,1-16,1-18,1-20, 1-23,1-24,1-25,1-26,1-28,1-29,1-30,1-31,1-32 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം,കണ്ണൂർ.

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കണ്ണൂർ ജില്ലയിലെ നടുവില് ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കണ്ണൂർ ജില്ലയിലെ നടുവില് ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബ.3-1

# RECEIPT & PAYMENT STATEMENT

| NADUVIL GRAMA PANCHAYATH<br>RECEIPT & PAYMENT STATEMENT | | | |
|---|---|---|---|
| For the period from 01-April-2019 to 31-March-2020 | | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 20521971 |
| Cash | Cash | RP-40(a) | 0.0 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 1113340 |
| 130000000 | Rental income from Panchayat Properties | RP-3 | 13000 |
| 140000000 | Fees & User Charges | RP-4 | 824204 |
| 150000000 | Sale & Hire Charges | RP-5 | 136162 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 55570238 |
| 171000000 | Interest Earned | RP-9 | 273469 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 6314618 |
| 350000000 | Other Liabilities | RP-36 | 279423 |
| | Non Operating | | |
| 180000000 | Other Income | RP-10 | 0 |
| 311000000 | Earmarked Funds | RP-29 | 19130 |
| 330000000 | Secured Loans | RP-32 | 8424827 |
| 340000000 | Deposits Received | RP-34 | 77282 |
| 350000000 | Other Liabilities | RP-36 | 214621 |
| 431000000 | Sundry Debtors (Receivables) | RP-43 | 4497474 |
| 460000000 | Loans, Advances and Deposits | RP-47 | 12000 |
| | Grand total | | 98291759 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 4134691 |
| 220000000 | Administrative Expenses | RP-12 | 1195481 |
| 230000000 | Operations & Maintenance | RP-13 | 2462650 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 6379322 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 20247723 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 2536953 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 252193 |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 606440 |
| 255000000 | Maintenance Projects | RP-20 | 9251920 |
| 256000000 | Other Revenue Grants and Funds - Revenue Expenses | RP-21 | 2836 |

| | | | |
|---|---|---|---|
| 280000000 | Prior Period item | RP-26 | -25192 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 390370 |
| 350000000 | Other Liabilities | RP-36 | 6375685 |
| NONOPERATING | | | |
| 240000000 | Interest & Finance Charges | RP-14 | 1388 |
| 280000000 | Prior Period Items | RP-26 | -20080 |
| 330000000 | Secured Loans | RP-32 | 3761663 |
| 340000000 | Deposits Received | RP-34 | 11100 |
| 350000000 | Other Liabilities | RP-36 | 1917621 |
| 410000000 | Fixed Assets | RP-38 | 11283522 |
| 412000000 | Capital work in Progress | RP-40 | 3685248 |
| 430000000 | Stock-in-hand | RP-42 | 0 |
| 460000000 | Loans, Advances and Deposits | RP-47 | 1144568 |
| CLOSING BALANCE | | | |
| Bank | Bank | RP-40(b) | 22695657 |
| Cash | Cash | RP-40(b) | 0 |
| | GRANT TOTAL | | 98291759 |

## അനുബന്ധം 3-2

## INCOME & EXPENDITURE STATEMENT

| NADUVIL GRAMA PANCHAYATH<br>INCOME & EXPENDITURE STATEMENT | | | |
|---|---|---|---|
| For the period from 01-April-2019 to 31-March-2020 | | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 5013364 |
| 130000000 | Rental Income from Panchayat Properties | I-3 | 13000 |
| 140000000 | Fee & User Charges | I-4(b) | 1030854 |
| 150000000 | Sale & Hire Charges | I-5(b) | 136162 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 112913080 |
| 171000000 | Interest Earned | I-8 | 273469 |
| 180000000 | Other Income | I-9 | 586951 |
| A | Total Income | | 119966880 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 11334411 |
| 220000000 | Administrative Expenses | I-11(b) | 1195481 |
| 230000000 | Operations & Maintenance | I-12(b) | 2462650 |
| 240000000 | Interest & Finance Charges | I-13 | 1388 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 6386826 |

| | | | |
|---|---|---|---|
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 54153723 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 2529449 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 1293856 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 27924740 |
| 255000000 | Maintenance Projects | I-14(e) | 9251920 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-15(a) | 2836 |
| 270000000 | Provisions and Write off | I-16 | 9196 |
| 272000000 | Depreciation | I-17(a) | 7477082 |
| B | Total Expenditure | | 124023558 |
| C=A-B | Gross Surplus/ Deficit of income over Expenditure | | (4056678) |
| D=280000000 | Prior Period Item | I-18 | -643765 |
| E=C-D<br>290000000 | Gross Surplus/Deficit of Income over Expenditure after prior period items.<br>Transfer to Reserve Funds | | (3412913) |
| | Net balance being surplus/deficit carried over to Balance sheet(Panchayath Fund) | | |

## അനുബന്ധം 3-3
## BALANCE SHEET

| | | | |
|---|---|---|---|
| NADUVIL GRAMA PANCHAYATH<br>BALANCE SHEET | | | |
| For the period from 01-April-2019 to 31-March-2020 | | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 18839125.18 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 20921 |
| 312000000 | Reserves | B-3 | 77399540 |
| | Total Reserve & Surplus | | 96259586.18 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 7925456.57 |
| | Total Grants, Contributions for Specific Purposes | | 7925456.57 |
| | Loans | | |
| 330000000 | Secured Loans | B-5 | 14381331 |
| | | | |

| | | | |
|---|---|---|---|
| | Total Loans | | 14381331 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 96632.25 |
| 341000000 | Deposit Works | B-8 | 0 |
| 350000000 | Other Liabilities | B-9 | 1269087 |
| 360000000 | Provisions | B-10 | 0 |
| | Total Current Liabilities and Provisions | | 1365719.25 |
| | TOTAL LIABILITIES | | 119932093 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 118110959 |
| 411000000 | Accumulated Depreciation | B-11 | -24247346 |
| 412000000 | Capital Work in Progress | B-11(a) | 2305786 |
| | Total Fixed Assets | | 96169399 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 38562530 |
| | Total Investments | | 38562530 |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0 |
| 431000000 | Sundry Debtors (Receivables) | B-15 | 95282 |
| 440000000 | Pre-paid Expenses | B-16 | 13987 |
| 450000000 | Cash and Bank Balance | B-17 | 22695657 |
| 460000000 | Loans, Advances and Deposits | B-18 | 957768 |
| | Total Current Assets, Loans and Advances | | 23762694 |
| | TOTAL ASSETS | | 119932093 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.